
സത്യം

അഹിംസ



# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

| പുസ്തകം 41 | ലക്കം 5 | 2014 ഫെബ്രുവരി 15 |
|---|---|---|


## വിനീത വീക്ഷണം

*ആരണ്യസംഗമത്തിൽ ഞങ്ങൾക്ക് പ്രചോദനമായിരുന്ന കുറുപ്പുസാറിന്റെ ഈ ലേഖനം വായിക്കുന്തോറും മനസ്സ് തെളിഞ്ഞുവരുന്നതാണ്.*

കുടുംബാംഗങ്ങളെ, സ്നേഹാദര പ്രണാമങ്ങൾ.

നാം ഓരോരുത്തരും ഉത്തരവാദിത്വം ഏറ്റെടുക്കണം; ഇങ്ങനെ ആയിത്തീർന്നതിന്റെ ഉത്തരവാദിത്വം; എങ്ങനെ ആയിത്തീരണമോ അതിന്റെ ഉത്തരവാദിത്വവും. ഇങ്ങനെ ആക്കി തീർത്തത് വേറെ ചിലരാണ്; ഇനി ഇതു ശരിയാക്കേണ്ടത് മറ്റു ചിലരാണ്; ഇങ്ങനെ വിചാരിക്കാനാണ് നമുക്കിഷ്ടം. 600 കോടി വെടിതീരുന്ന ഒരു തോക്കുണ്ടായിരുന്നെങ്കിൽ ഈദുഷ്ടപ്പരിഷകളെ ഒക്കെ കൊന്നിട്ട് ഭൂമിയെ ഞാൻ സ്വസ്ഥമാക്കുമായിരുന്നു എന്നു കരുതി കലിതുള്ളി സ്വയം ബലി അർപ്പിക്കുവാൻ സന്നദ്ധരായി ക്കഴിയുന്ന വിപ്ലവകാരികൾ നമ്മുടെ ഇടയിലുണ്ട്. അവരും ആകെ അലങ്കോലപ്പെടുത്തിയതിൽ തനിക്കു വല്ല പങ്കുമുണ്ടോ എന്ന് ഉള്ളിൽപ്പരതി നോക്കുന്നില്ല. ഇതാ ഇവനാണ് കള്ളൻ എന്ന് ഉറക്കെ വിളിച്ചുകൂവുന്ന കള്ളന്മാരായി തീർന്നുവോ നാം! അവനെ കള്ളനാക്കിയ പെരും കള്ളന്മാരിൽ ഒരാളാണ് ഞാനും എന്ന സത്യസന്ധമായ വസ്തുത കണ്ടെത്താൻ നാം ഓരോരുത്തരും ധൈര്യപ്പെടണം. ഭൂമിയിൽ ഒരാൾ പട്ടിണി കിടക്കുന്നു എന്നറിഞ്ഞിട്ട് അദ്ദേഹത്തെ പരിഗണിക്കാതെ ഞാൻ വിഭവസമൃദ്ധമായ നിറഊണിൽ പങ്കെടു

ത്താൽ കൊള്ളക്കാരെ സൃഷ്ടിക്കുന്ന ഫാക്ടറിയിൽ ഞാനും ഒരു തൊഴിലാളി ആയി. നമുക്കിനി വേണ്ടത് കുറ്റപ്പെടുത്തലല്ല; കുറ്റം ഏറ്റെടുക്കലാണ്. കുറ്റം ഏറ്റെടുത്തുകൊണ്ട് കുറ്റക്കാരുടെ ലോക സമൂഹത്തിൽ ഒരാളായി നിന്ന്, ഒന്നിച്ച് കുറ്റ വിമുക്ത സമൂഹത്തിനു വേണ്ടി പണി എടുക്കുന്ന തൊഴിലാളിയാവാൻ നാം ഒരുങ്ങണം.

നമുക്കിനി ഇങ്ങനെ പറയാം. സുഹൃത്തേ, എന്റെ ആത്മമിത്രമേ, കണ്ണു തുറക്കൂ. നാം ബന്ധുക്കളാണെന്നു തിരിച്ചറിയൂ. എറിഞ്ഞു തോൽപ്പിച്ചാഹ്ളാദിക്കുന്ന പൈശാചികത നമുക്കിരു കൂട്ടർക്കും ഉപേക്ഷിക്കാം. പരസ്പരാശ്ലേഷത്തിൽ ആനന്ദിക്കുന്ന മാനുഷികത സ്വീകരിക്കാം. നമുക്ക് മനുഷ്യരാകാം. ഒരു കുടുംബക്കാരാകാം. വിശ്വമഹാ കുടുംബത്തിൽപെട്ടവരാണ് ഞാനും താനും. ഭൂമിക്കാരാണ് നാം. ഇടയ്ക്ക് ഒന്നു പിണങ്ങിയാലും ഇണങ്ങുന്നവരാവണം നാം.

ഈ ഒരു ചിന്താധാരയിൽ ലോകം കുളിരണിയണം. ഇപ്പോൾ ഈ നിമിഷം തന്നെ തുടങ്ങേണ്ട പരിശീലനമാണിത്. ജനങ്ങളുടെ ഇടയിൽ സ്വാധീനത ഉള്ള ജനനേതാക്കൻമാരും, രാഷ്ട്രത്തല വൻമാരും, ഐക്യരാഷ്ട്രസഭയും സകല അദ്ധ്യാപകരും എല്ലാവരും ധരിക്കേണ്ട കാര്യം ലോകത്തിനടിയന്തിരമായിട്ടുള്ള ആവശ്യം പരസ്പരാർദ്രത ഓരോരുത്തരുടേയും ഉള്ളിൽ ഉറവാകണം എന്നതു തന്നെയാണ്. നമ്മൾ ഇപ്പോൾ 120 കോടി വീട്ടുകാരുണ്ട് എന്ന ധാരണ ഓരോ മനസ്സിലും ഉണരണം. ഹിന്ദുക്കളുമായി ഒന്നിച്ചല്ലാതെ ഈ ഭൂമിയിൽ ഞങ്ങൾക്കു മാത്രമായി ഒന്നും നേടാനില്ലെന്ന് മുസ്ലീങ്ങൾ കരുതണം. എല്ലാവരോടും ഒന്നിച്ചല്ലാത്ത ഒരു നേട്ടവും പ്രത്യേകതയും ശ്രേഷ്ഠതയും എനിക്ക് വേണ്ടെന്ന് ഓരോരുത്തരും കരുതണം. ഹിന്ദുക്കളോ, ക്രിസ്ത്യാനികളോ, യഹൂദരോ, മുസ്ലീങ്ങളോ ആരായിരുന്നാലും നാം ഓരോ വ്യക്തികളാണല്ലോ. ഓരോരു ത്തരുമാണ് കരുതേണ്ടത്. കരുതാൻ മതത്തിനു കഴിയില്ല, വ്യക്തിക്കേ കഴിയൂ. എന്നാൽ വ്യക്തികളേ ജന്മനാ തന്നെ മതക്കാരായും ജാതിക്കാരായും ദേശക്കാരായും ഭാഷക്കാരായും മറ്റും വേർതിരിച്ചു നിർത്താൻ നമുക്കിന്ന് കഴിഞ്ഞിരിക്കുന്നു. ഇനി എന്താ ചെയ്യുക.

എന്റെ വിചാരം ഇപ്പോൾ എങ്ങനെയോ അങ്ങിനെ തന്നെ

ഇരിക്കട്ടെ എന്നാണ്. പുലയർ പുലയരായും, ബ്രാഹ്മണർ ബ്രാഹ്മണരായും, ഷിയാ, സുന്നി കത്തോലിക്കർ, മാർത്തോമ്മാക്കാർ എല്ലാം അങ്ങിനെ തന്നെ തുടർന്നുകൊള്ളട്ടെ. മോഷ്ടാവും, ചൂഷകനും ഭീകരനും സ്വാർത്ഥനും ഉണ്ടായിരിക്കട്ടെ. ആരേയും തിരുത്താനും മാറ്റാനും ശ്രമിക്കാതിരിക്കുക. എന്നിട്ടോ മറ്റൊരു പരിശീലനം സാവധാനം തുടങ്ങണം. ആർക്കും തുടങ്ങാവുന്ന ഒരു പരിശീലനമാണ് ദർശനം മുന്നോട്ടുവെയ്ക്കുന്നത്. മുൻപെത്രയോ തവണ പറഞ്ഞതു തന്നെ വീണ്ടും പറയട്ടെ. എന്റെ കബീർ, എന്റെ ജോസഫ്, എന്റെ കൃഷ്ണൻ, എന്റെ കുടുംബക്കാർ എന്നിങ്ങനെ എല്ലാറ്റിനോടും എന്റെ എന്ന ഭാവം ചേർക്കാനാവാത്ത ഒരു വിഭാഗവും ഉണ്ടാവരുത്. എനിക്ക് കയറാൻ കഴിയുന്നില്ലെങ്കിലും ഈ ക്ഷേത്രം എന്റേയും കൂടിയാണെന്നു വിചാരിച്ചു തുടങ്ങണം. പാകിസ്ഥാനിലേയ്ക്ക് എനിക്ക് കയറിക്കൂടെങ്കിലും പാകിസ്ഥാൻ എന്റേയും കൂടി ആണ്. എന്റെ ഭൂമിയാണിത്. എന്റെ വീട്ടുമറ്റത്തു നിൽക്കുന്ന ഒരു മാവിൽ എനിക്ക് കയറാനാവാത്തതുകൊണ്ട് അതെന്റേതാവാതിരിക്കുന്നില്ലല്ലോ. സകല പാർട്ടിക്കാരും, സകല രാഷ്ട്രക്കാരും, സകല ജാതി മതസ്ഥരും എനിക്കുള്ളവർ. ഈ അനന്യഭാവം വളർത്തി എടുക്കാൻ ജാതി വ്യവസ്ഥ ഇല്ലാതാക്കണമെന്നില്ല. എന്നെ വെറുക്കുന്നവർ എന്നോടിണക്കമായാലേ എന്റേതാകൂ എന്നില്ല. എന്നെ അപമാനിച്ചുകൊണ്ടിരിക്കുന്ന എന്റെ മിത്രം, ലഹരിപ്രിയനായ എന്റെ ബന്ധു എന്നിങ്ങനെ വിചാരിച്ചു ശീലിക്കണം. എന്റെ കൈ എത്തുന്നില്ലെന്നതുകൊണ്ട് എന്റെ പുറം എന്റേതാകാതിരിക്കുന്നില്ല. എന്റെ ചുണ്ടിൽ കൂട്ടിക്കടിക്കുന്ന എന്റെ പല്ല് എന്റേതുതന്നെ. ശക്തമായ വയറ്റിനു വേദനയും തലവേദനയും വരുമ്പോഴും വയറും തലയും അന്യമാകുന്നില്ലല്ലോ. എന്റെ അതിരുമാന്തുന്ന എന്റെ അയൽക്കാരൻ എന്നു വിചാരിക്കാൻ പരിശീലിക്കണം. അതാണ് മനുഷ്യവർഗ്ഗത്തിന്റെ സ്വസ്ഥതയ്ക്ക് ഇനി ആവശ്യമായ പരിശീലനം. അനുകൂലമാക്കാൻ കാത്തിരിക്കാതെ ബന്ധുവാക്കുവാൻ പരിശീലനം തുടങ്ങാം ക്രമേണ നാം ഒന്നാകും; അന്യത്വം അലിഞ്ഞുപോകും.

എന്റെ ആരാധനാലയം തകർത്തു തരിപ്പണമാക്കിയവരുടെ നേരെ എനിക്ക് ഒടുങ്ങാത്ത പക തോന്നും. എന്റെ അമ്മ പെങ്ങന്മാരെ അതിക്രൂരമായി എന്റെ മുന്നിൽ വച്ച് അപമാനിക്കുകയും ഒടുവിൽ വധിക്കുകയും ചെയ്യുന്നവരെ തലമുറ തലമുറ ആയി നശിപ്പിക്കാൻ

എനിക്ക് തോന്നും. അങ്ങിനെ തോന്നുന്നവർക്ക് അത് ചെയ്യാതിരിക്കാൻ പറ്റില്ല. എന്നാൽ ഒരു കാര്യം അപ്പോഴും അവരും ധരിച്ചിരിക്കേണ്ടതായുണ്ട്. ഒരു പുതിയ ലോകരചനയുടെ ഭാഗമായി തീരില്ല ഈ പ്രതികാരങ്ങൾ. ആരാധനാലയങ്ങളും വീടുകളും നശിപ്പിക്കുന്നത് വിപ്ളവ പ്രവർത്തനമായി കരുതുന്നതാണ് കഷ്ടം. ഈശ്വരന്റെ പേരിലായാലും നവസമൂഹരചനയുടെ പേരിലായാലും ഈ ക്രൂരത ഈശ്വരീയമോ പരിവർത്തനാത്മകമോ ആവില്ല. ഇൻഡ്യ പാക്കിസ്ഥാനെ തോല്പിച്ച് ഇൻഡ്യയോടു ചേർത്താലോ മറിച്ചായാലോ അത് ഭൂതകാല പിടിച്ചടക്കലുകളുടെ ആവർത്തനമെ ന്നല്ലാതെ നവസമൂഹ ജീവിതരചനയുടെ ഭാഗമാകില്ലെന്നു തന്നെയല്ല, മനുഷ്യത്വത്തെ വീണ്ടും തൊഴിച്ച് പുറംതള്ളുക കൂടിയാവും.

നമുക്കെന്താണ് വേണ്ടത് ? പ്രതികാരം ചെയ്യുന്നതുകൊണ്ട് ഏതെങ്കിലും പ്രശ്നം പരിഹൃതമാകുമോ. ഭയപ്പെടുത്തി പ്രശ്നം ഒഴിവാക്കാനാകുമോ ? ഇല്ല. പിന്നെന്തുവേണം. സാമൂഹ്യ പരിവർത്തനം ആഗ്രഹിക്കുന്നവർ പ്രതികാരബദ്ധിയെ വിഴുങ്ങണം. അതിനുള്ള പരിശീലനമാണ് നമുക്കിനി വേണ്ടത്. ആ പരിശീലനമാണ് പുതിയ ലോകത്തെപ്പറ്റിയുള്ള സ്വപ്നം ഉള്ളിൽ ഉജ്ജ്വലമാക്കുക എന്നത്. ഭരണകൂടങ്ങളും, നാണയങ്ങളും, അതിരുകളും, അകലങ്ങളുമില്ലാത്ത ഒരു നവലോകം നമ്മുടെ ഒരോരുത്തരുടെയും സ്വപ്നമാക്കണം. അതിന്റെ സാക്ഷാത്കാരത്തിനുള്ള നിരന്തര പരിശ്രമമാകണം നമ്മുടെ ജീവിതം. അതിനൊന്നാമതായി വേണ്ടത് നമുക്കുപകാരമില്ലെന്നു തോന്നുന്നവർ നമ്മുടെ സൗകര്യങ്ങളെ പങ്കിടാൻ വരുമ്പോഴത്തെ അസഹ്യതയെ അതിജീവിക്കലാണ്. ഉള്ളിൽ വെറുപ്പു തോന്നുന്നവരോട് സഹകരിക്കുവാൻ ശീലിക്കലാണ്. പങ്കിടാൻ തോന്നാത്തവ പങ്കിടാൻ ശീലിക്കണം. കയറാത്ത വീടുകളിൽ കയറണം. മിണ്ടാത്തവരോടു മിണ്ടണം. ഉയർന്ന സ്വപ്നങ്ങൾ പങ്കിടാൻ ധാരാളം സന്ദർഭങ്ങൾ കണ്ടെത്തണം.

ദർശനം വായനക്കാരിൽ ഓരോരുത്തരോടും ദർശനം പ്രത്യേകം ആവശ്യപ്പെടുന്ന അന്യോന്യ ജീവിതത്തിന് സ്വയം തയ്യാറാകുകയും മറ്റുള്ളവരെ അതിനു പ്രേരിപ്പിക്കുകയും ചെയ്യേണമേ.

**2002 ഡിസംബർ 15**

# പുതുവർഷപുലരി

പുതുവർഷത്തിലെ മാനുഷിക ധ്യാനത്തിനായി ഡിസംബർ 31-ാം തീയതി സന്ധ്യക്ക് മുമ്പ് തന്നെ ദർശനം കുടുംബാംഗങ്ങൾ നീർക്കുന്നം ധന്യയിലേക്ക് എത്തുവാൻ തുടങ്ങി. കുട്ടപ്പൻ സാറും അനിരുദ്ധൻ സാറുമാണ് ആദ്യം എത്തിയത്. അവർ നല്ല ഒരു നാളേക്ക് വേണ്ടിയുള്ള ഭൂമിക്കാരന്റെ ആശയങ്ങളെ കുറിച്ച് ചർച്ച തുടങ്ങി. പ്രത്യേക അറിയിപ്പുകളൊന്നും കൊടുത്തിട്ടില്ലാത്തതിനാലും പ്രവർത്തി ദിവസം ആയതിനാലും അംഗങ്ങൾ കുറവായിരിക്കും എന്ന എന്റെ അശുഭചിന്തയെ പിൻതള്ളികൊണ്ട് സന്ധ്യയോടെ മുറ്റത്ത് വിരിച്ച വിരിയിൽ നാല്പതോളം പേർ വന്നിരുന്നു. നീർക്കുന്നം സ്കൂളിൽ തണൽ നടത്തിയ ലഹരി വിരുദ്ധ സെമിനാറിൽ പങ്കെടുത്തിട്ടാണ് പലരും എത്തിയത്. പുതുവർഷ പുലരിയിൽ ലഹരി അൽപം കൂടും. ഉൽസവപ്പറമ്പിൽ ഐസ്ക്രീം വിൽക്കുംപോലെ സർക്കാർ ആവശ്യാനുസരണം ഇത് വിറ്റഴിക്കുന്നു. മനുഷ്യന്റെ ജന്മം തകർക്കുന്ന ലഹരി വസ്തുക്കൾ കുട്ടികൾപോലും രുചിക്കാൻ ഇടവരുന്നു. ഇത് നിരോധിക്കാൻ ഗവൺമെന്റിന് സാധിക്കുന്നില്ലങ്കിലും പ്രോത്സാഹിപ്പിക്കുന്നുണ്ട്. വാഹനയാത്രക്കാർ സീറ്റ്ബെൽറ്റ് ഇട്ടിട്ടുണ്ടോ ഹെൽമറ്റ് വെച്ചിട്ടുണ്ടോ എന്നൊക്കെ നോക്കി പണപ്പിരിവ് നടത്തുന്നതിലാണ് അവർക്ക് താൽപര്യം. സമൂഹത്തിലെ സർവ്വ അനീതികളുടെയും മുഖ്യ സ്രോതസ്സായ മദ്യ-മയക്ക്മരുന്ന് ദുരിതം നിർബാധം തുടരുന്നു. ഏതായാലും ഇത് വിഷമാണെന്ന് പറയാനുള്ള സ്വാതന്ത്ര്യം ഇപ്പോൾ നിരോധിച്ചിട്ടില്ല എല്ലാവരും എത്തിയല്ലോ. ആദ്യം ഓരോ കപ്പ് ജാപ്പിയും നെയ്യപ്പവും കഴിച്ച് യോഗം ആരംഭിക്കാം.

ഞങ്ങൾ വിശ്വമൈത്രീ ഭാവന വായിച്ച് ചർച്ച ചെയ്തു. ഇത് എല്ലാ ദിവസവും വായിച്ച് സാധന ചെയ്യേണ്ടതാണ്. വീടുകളിൽ സൗകര്യമായ സ്ഥലത്ത് ഇത് ഒട്ടിച്ച് വെയ്ക്കുക സന്ദർശകർക്കും വായിക്കാമല്ലോ. ഒന്ന് ഓടിച്ച് വായിച്ചാലൊന്നും ഇതിന്റെ പൊരുൾ ഉള്ളിൽ പ്രവേശിക്കുകയില്ല. കടലും തിരയും വെള്ളം തന്നെയാണ്. കമ്മലും വളയും മാലയും വ്യത്യസ്ഥ അവയവങ്ങളിലാണ് അണിയുന്നത്. എന്നാൽ എല്ലാം സ്വർണ്ണം തന്നെയാണ്. അത്പോലെ വ്യത്യസ്തരായി തോന്നുന്ന നമ്മിലെല്ലാം കുടികൊള്ളുന്ന ജീവൻ ഒന്ന് തന്നെയാണ്. നാമെല്ലാം ഭൂമിക്കാരാണ്. ഇത് തിരിച്ചറിയുമ്പോൾ വിശ്വമൈത്രീ ഭാവന സ്വാഭാവികമായി ഏകാത്മ ബോധാനന്ദമുണ്ടാകും. നിരന്തരം പരിശ്രമം വേണം.

എല്ലാവരും പരസ്പരം ഒന്ന് പരിചയപ്പെട്ടു. തുറവൂരിൽ നിന്നും വിജയനാഥ് സാറും മല്ലികയും മകൻ വിഷ്ണുവും എത്തിയിട്ടുണ്ട്. കുത്തിയതോട്ടിൽ നിന്നും സിജിമോനും ഇവരോടൊപ്പം ചേർന്നാണ് വന്നത്. കഞ്ഞിപ്പാടത്ത് നിന്നും സനലും ഗീതയും പ്രീതയും മകൻ അഭിഷേകും പുളിവീട്ടിൽ നിന്നും അനിതയും നീതുവും പുത്തൻപുര നിന്നും ഗീതയും എത്തിയിട്ടുണ്ട്. എടത്വയിൽനിന്നും ഗോവിന്ദൻ അമ്പലപ്പുഴയിൽ നിന്നും സതീഷ് ചന്ദ്രൻ, ദേവദത്ത് ജി. പുറക്കാട്, എസ്.കെ.എം. ബഷീർ, ബാബുരാജ്, സുധീർ, അഷറഫ്, ഹംസാസാർ, ഡോ. ഗോപാലകൃഷ്ണൻ, ഷഫീക്ക്, ചന്ദ്രൻ പുറക്കാട്, ഡോ: പത്മകുമാർ, ഷാജി തുടങ്ങിയവരും കുറുപ്പ് സാറിന്റെ ഈ ധ്യാനത്തി നായി എത്തിയിട്ടുണ്ട്. കാക്കാഴത്ത് നിന്നും രാധചേച്ചി കുറച്ച് പഴങ്ങ ളുമായാണ് എത്തിയത് പുന്നപ്രയിൽനിന്നും സുലൈമാൻകുഞ്ഞ് മകൻ ജഫാലിയും, നീർക്കുന്നം ഗോപകുമാറും, പിന്നെ തണലിന്റെ സാരഥി സുരേഷ്കുമാറും, ധന്യയിലെ കുടുംബാംഗങ്ങളും യോഗ ത്തിൽ പങ്ക് ചേർന്നു.

ദത്തൻസാർ ഇന്നത്തെ ദിനത്തിന്റെ പ്രാധാന്യം വിശദീകരിച്ചു. വർഷങ്ങൾക്ക് മുമ്പ് ഒരു റാന്തൽ വിളക്കുമായി കുറുപ്പ് സാറും മിത്ര ങ്ങളും പാതിരാത്രിക്ക് കടപ്പുറത്ത് പോയി ഒരു ഗ്ലോബും മുമ്പിൽ വെച്ച് മാനുഷികധ്യാനം നടത്തി ചരിത്രം കുറിച്ചു. നമ്മൾക്കും ഭാവി തലമുറകൾക്കും സ്വസ്ഥജീവിതത്തിനുള്ള പ്രകാശം പരത്താൻ പ്രാപ്ത മായ ഈ ദീപത്തിൽ നിന്നും തിരിനാളങ്ങൾ സ്വയം കൊളുത്തി എടു ക്കുകയും മറ്റുള്ളവർക്ക് പകർന്ന് നൽകുകയും ചെയ്യേണ്ട ഉത്തര വാദിത്വം നമുക്കുണ്ട്. ഇന്നത്തെ വ്യവസ്ഥിതി കണ്ട് ദുഃഖിച്ചിരിക്കാതെ നല്ല ഒരു ഭാവിലോകത്തെ മനസ്സിൽകണ്ട് നമുക്ക് പരിശ്രമിക്കാം. തുടർന്ന് ശ്രീ. ചന്ദ്രൻ പുറക്കാട് എല്ലാവർക്കും പുതുവത്സരാശംസകൾ നേർന്ന് സംസാരിച്ചു. ഒരു പൂന്തോട്ടത്തിലെ കൊഴിഞ്ഞ ഇലകളെല്ലാം തൂത്ത് വാരി കളഞ്ഞ് സുന്ദരമാക്കുംപോലെ നമ്മുടെ മനസ്സിലെ ജീർണ്ണ വസ്തുക്കളെല്ലാം കുടഞ്ഞ് കളഞ്ഞ് വേണം പുതുവർഷത്തെ വരവേൽക്കാൻ.

അയൽക്കൂട്ടങ്ങളിലും പള്ളിക്കൂടങ്ങളിലും സഞ്ചരിച്ച് മാനുഷിക ധ്യാനവും ചിരിയോഗയും പഠിപ്പിക്കുന്ന ഉദ്യമത്തിലാണ് വിജയനാഥ് സാർ. ധനലക്ഷ്മി ബാങ്കിലെ ജോലിയും ജീവിതവും മൈത്രി ഭാവനയും കൂടിചേർന്ന് ലയിച്ച് പോകുന്നു. സന്ദേശ പ്രചര ണത്തിന് ഏത് വീട്ടിലേക്കും കയറി ചെല്ലാനുള്ള തന്റേടം കുറുപ്പ്

സാറിൽ നിന്നും ആർജിച്ചതാണന്ന് അദ്ദേഹം അനുസ്മരിച്ചു. സതീഷ് ചന്ദ്രൻ ഒരു പ്രത്യേക വിഷയം അവതരിപ്പിച്ചു. മനുഷ്യബന്ധങ്ങളിലു ണ്ടാകുന്ന ശൈഥില്യങ്ങൾ ഇന്ന് വളരെ കൂടുതലാണ്. കോടതിക ളിൽ ഇത്തരം കേസുകൾ നിറഞ്ഞു കവിയുന്നു. നമ്മുടെ ചുറ്റുവട്ട ത്തുള്ള ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാൻ ദർശനം പ്രവർത്ത കർ ആവത് പരിശ്രമിക്കണം തത്വത്തിൽ ഇത് അംഗീകരിച്ചെങ്കിലും എങ്ങനെ പ്രാവർത്തികമാക്കും തൽക്കാലം ദർശനത്തെ ആരെങ്കിലും ഈ വിഷയവുമായി സമീപിച്ചാൽ നോ പറയണ്ട എന്ന് തീരുമാനിച്ചു. പ്രതിമാസ യോഗത്തിൽ ചർച്ച ചെയ്ത് ആവത് പരിശ്രമിക്കാം വിജയ നാഥ് സാറിന്റെ മകൻ വിഷ്ണു ആയൂർവേദ ഡോക്ടറാണ്. ഇപ്പോൾ എം.ഡിയ്ക്ക് പഠിക്കുന്നു. ദർശനവും അതിന്റെ മാനുഷികത യിലൂന്നിയ ആത്മീയതയും മതങ്ങളുടെ സാരവും തമ്മിൽ സമന്വയി പ്പിച്ച് ഗംഭീരമായൊരു പ്രഭാഷണം നടത്തിയത് നല്ല ഒരു അനുഭവമാ യിരുന്നു. മനസ്സിൽ നിന്ന് എല്ലാ സങ്കുചിതത്വവും അഹങ്കാരവും കുടഞ്ഞ് കളഞ്ഞ് സ്വാതന്ത്രം നേടുക. മനസ്സ് സുന്ദരമായാൽ എല്ലാവ രേയും സ്നേഹിക്കാൻ കഴിയും അത് തന്നെ പരസ്പരാനന്ദ ജീവിതം.

അപ്പഴേ മണി പത്താകുന്നു. കഞ്ഞികുടിക്കാം. കപ്പയും ചെറു പയറും പിന്നെ മാങ്ങാകറിയും കൂട്ടിനുണ്ട് ആവശ്യാനുസരണം എല്ലാ വരും കൂടി വിളമ്പി വെടിപറഞ്ഞ് ഇരുന്ന് കഴിച്ചു. പിന്നെ കടപ്പുറ ത്തേക്ക് പദയാത്ര പതിവുപോലെ സജീവൻ വിളക്കുമായി വീട്ടിൽ കാത്തിരുന്നു. കടപ്പുറത്തെ പഞ്ചാര മണ്ണിൽ വിളക്ക് നടുക്ക് വെച്ച് ഞങ്ങൾ ചുറ്റും ഇരുന്നു. ഓരോരുത്തരും അവരുടെ ജീവിതാനുഭവ ങ്ങൾ പങ്കിട്ടു. ഡോക്ടർ പത്മകുമാർ മഹാത്മജിയെ കുറിച്ചും ദർശന ത്തിൽ എങ്ങനയാണ് ഗാന്ധിയൻ സന്ദേശങ്ങൾക്ക് പുതുജീവൻ വെച്ചി രിക്കുന്നതെന്നും വ്യക്തമാക്കി മഹാത്മജി അപാരമായ ഏകാഗ്രതയി ലൂടെ നേടിയ സിദ്ധികളിലൂടെയാണ് സ്വാതന്ത്ര്യ സമരത്തെ വിജയ പഥത്തിലെത്തിച്ചത്. എപ്പോഴും സ്വയം വിലയിരുത്തിക്കൊണ്ടുള്ള ഈ സത്യാന്വേഷണം മനുഷ്യ ഹൃദയങ്ങളെ ഇന്നും പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്നു. കുറുപ്പുസാറിലൂടെ നമുക്ക് കാണാൻ കഴി യുന്നത് ആ പ്രവർത്തനത്തിന്റെ തുടർച്ചതന്നെയാണ്. പിന്നീട് സംസാ രിച്ച സുലൈമാൻ വ്യക്തികളുടെ കൂട്ടമാണ് സമൂഹമെന്നും വ്യക്തി നന്നാകുക എന്നത് തന്നെയാണ് സാമൂഹ്യമാറ്റത്തിന്റെ അടിസ്ഥാന മെന്നും അഭിപ്രായപ്പെട്ടു.

ദർശനത്തിന്റെ ഇപ്പോഴത്തെ പോരായ്മയാണ് സേവന പ്രവർത്ത

നങ്ങളൊന്നും ഏറ്റെടുക്കുന്നില്ല എന്നുള്ളത്. എന്നാൽ ഇവിടെ ഇതാ ഷഫീക്കും, അഷറഫും, സുധീറുമെക്കെ പാലീയേറ്റീവ് കെയർ വഴിയും അയൽക്കൂട്ടം വഴിയും കഷ്ട്ടപ്പെടുന്നവരെ കണ്ടെത്തി അവർക്ക് അന്നവും വസ്ത്രവും നൽകി പരസ്പരാനന്ദം പ്രാവർത്തിക മാക്കിക്കൊണ്ടിരിക്കുന്നു. ഗോവിന്ദനും, എസ്.കെ.എം. ബഷീറും കുറുപ്പുസാറുമായി ഒത്തിരി സഞ്ചരിച്ചവരാണ്. വിവരണങ്ങൾ കേട്ടു കൊണ്ടിരിക്കവെ മണി 11.50 മാനുഷികധ്യാനത്തിന് സമയമായി. ശ്രീ. വിജയനാഥ് എല്ലാവരുടെയും പുറം കണ്ണ് അടപ്പിച്ച് അകകണ്ണ് തുറ ക്കാനായി മാനുഷികധ്യാനത്തിന്റെ വരികൾ സ്വതസിദ്ധമായ ഭാവന യോടെ അവതരിപ്പിച്ചു. ധ്യാനത്തിന്റെ അഗാധതലം. മൗനം-സത്യം-ശാന്തം-അനന്തം. ഗംഭീരമായ സമുദ്രഗർജനം മാത്രം അനാഹതശബ്ദം പോലെ തുടരുന്നു. വ്യക്തി മനസ്സ് സാവകാശം വിടർന്ന് വീടും അയൽക്കൂട്ടവും നാടും കടന്ന് അനന്തതയിൽ ലയിച്ചു പ്രപഞ്ച ചൈത ന്യവുമായി ഒന്നിക്കുന്നു. പ്രപഞ്ചശക്തി നമ്മിലേക്ക് പ്രവഹിക്കുന്ന തിന് തടസ്സമായി നിൽക്കുന്ന അജ്ഞാനത്തിന്റെയും അഹങ്കാരത്തി ന്റെയും തടസ്സക്കല്ലുകൾ ധ്യാനത്തിലൂടെ എടുത്ത് മാറ്റപ്പെടുമ്പോൾ നാം വിശ്വപ്രകൃതിയുടെ ഭാഗമാണെന്ന ആനന്ദാനുഭവത്തിലേ ക്കെത്തുന്നു. ചേട്ടന്റെ നിർദ്ദേശാനുസരണം എല്ലാവരും കണ്ണ് തുറന്നു. മുന്നിൽ അറബിക്കടൽ ആകാശത്ത് നക്ഷത്രങ്ങൾ നല്ല സുഖമുള്ള കാറ്റ് അങ്ങനെ നാം 2014ലേക്ക് കടക്കുന്നു. ഇനിയെങ്കിലും വെടിയൊ ച്ചകളും കുട്ടികളുടെ കരച്ചിലും പീഡനങ്ങളും ഇല്ലാത്ത ഒരു നവലോകം ഉണ്ടാകുവാൻ നമ്മുക്ക് യത്നിക്കാം, പ്രാർത്ഥിക്കാം.

കുട്ടപ്പൻ സാർ ധ്യാനാനന്തര പ്രഭാഷണം നടത്തി കുറുപ്പുസാർ നമുക്കുതന്ന സന്ദേശം എല്ലാവരും ജീവിതമാക്കുക പരസ്പരം സ്നേഹിക്കുക ഇപ്പോൾ നമ്മുടെ മനസ്സും ഈ ലോകവും അത്ര നല്ല നിലയിലല്ല ജാഗ്രത. നമ്മിലെല്ലാം അനന്തമായ ശക്തി കുടികൊള്ളു ന്നുണ്ട് മൈത്രീഭാവനയിലൂടെ അത് വളർത്തി ലോകോപകാരപ്രദ മാക്കി അടുത്ത വർഷം ധ്യാനത്തിന് വരുമ്പോൾ സാക്ഷ്യപ്പെടുത്ത ണമെന്ന് കുട്ടപ്പൻസാർ നിർദ്ദേശിച്ചു. സമൂഹത്തിലെ പ്രശ്നങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ കർമ്മമണ്ഡലങ്ങൾ വികസിപ്പിക്കണം. ഇതിനെല്ലാം ഉള്ള കഴിവ് ഓരോ വ്യക്തിയിലും ജഗദീശ്വരൻ സംഭരിച്ച് വെച്ചിട്ടുണ്ട്. അതൊന്ന് തിരിച്ചറിഞ്ഞ് പ്രയോഗിച്ചാൽ മതി. ഒരിക്കൽ ഒരു മരം വെട്ടുകാരന് ഒരു ഗരുഡന്റെ മുട്ടകിട്ടി. അയാൾ അത് കോഴിമു ട്ടയുടെ കൂടെ അടവെച്ചു. മുട്ടവിരിഞ്ഞ് കോഴിക്കുഞ്ഞുങ്ങളുടെ കൂടെ ഗരുഡൻകുഞ്ഞും വളർന്ന് വന്നു. കോഴിയെ പോലെ ഗരുഡനും

തീറ്റതേടി ചികഞ്ഞ് നടന്നു. ആകാശത്തിലൂടെ പറന്ന് നടന്ന ഒരു ഗരുഡൻ ഈ കാഴ്ച കണ്ടു. തന്റെ വർഗത്തിൽപ്പെട്ട ഒരാൾ ഇങ്ങനെ ഭൂമിയിൽ ചികഞ്ഞ് നടക്കുന്നത് കണ്ട് താഴെ ഇറങ്ങി അവനെ പിടിക്കൂടി കോഴിയെപോലെ നമ്മുടെ കോഴി ഗരുഡനും പേടിച്ചുവിറച്ചു ആകാശ ഗരുഡൻ അവനെ ഒരു തടാകക്കരയിൽ കൊണ്ടുപോയി നിഴൽ കാണിച്ച് അവൻ ആരാണെന്ന സത്യം ബോധിപ്പിച്ചു അതോടെ ഇരുവരും കൂട്ടായി അനന്താകാശത്തിലേക്ക് പറന്ന് പോയി. നാം മനുഷ്യരാണ് ജന്തുക്കളല്ല. താണ തരം ചിന്താശൈലികളൊക്കെ ഈ കടപ്പുറത്തോ ഇത് വായിക്കുമ്പോഴോ കുടഞ്ഞ് കളഞ്ഞ് മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങളിൽ കിടന്ന് ചികയാതെ ഗരുഡനെപ്പോലെ മൈത്രീഭാവനയുടെ ചിറകുവീശി മാനസസരസ്സിലേക്ക് പറന്നുയരുക. നല്ല ഭൂമിക്കാരാകുക. നല്ല ഭക്ഷണം കഴിച്ച് എല്ലാവരോടും സ്നേഹപൂർവ്വം പെരുമാറുക. വിശ്വമാകെ വ്യാപിച്ചിരിക്കുന്നത് ഒരേയൊരു ചൈതന്യ ശക്തിയാണ് അതിന്റെ ഇച്ഛാനുസരണം എല്ലാം സഹജമായി സംഭവിക്കുന്നു. നമ്മൾ ആ ചൈതന്യവുമായി ട്യൂൺ ചെയ്യുക. നമുക്ക് ജീവിതാനന്ദമുണ്ടാകും. ജയ്ജഗത് കടപ്പുറത്ത് വന്നവർക്കും അയൽവീടുകളിലും കലണ്ടറുകളും നെയ്യപ്പവും വിതരണം ചെയ്തു കടലമ്മയ്ക്ക് നമസ്ക്കാരം അർപ്പിച്ച് നല്ലകുട്ടികളായി വീണ്ടും വരാം എന്ന് സങ്കൽപ്പിച്ച് ധന്യയിലേക്ക് നടന്നു. ഓരോ കപ്പ് ജാപ്പിയും കുടിച്ച് ഗരുഡന്മാരെല്ലാം വീടുകളിലേക്ക് പറന്നു.അപ്പോൾ വെളുപ്പിനെ 2 മണി. ഇനി ആരുടെയെങ്കിലും തെറ്റ് കാണാൻ ഇടയായാൽ അവിടെക്കിടന്ന് ചികയരുതേ.

---

# ആരണ്യസംഗമം

"സരസ്വതിയാമം കഴിഞ്ഞു, ഉഷസ്സിൽ സഹസ്രദളങ്ങൾ വിരിഞ്ഞു. വെൺകൊറ്റക്കുടചൂടും മലയുടെ മുകളിൽ വെളിച്ചം ചിറകടിച്ചുയർന്നു".

മലമുകളിലേക്ക് അതിരാവിലെയുള്ള ഈ നടത്തം എത്ര സുഖകരമാണെന്നോ. തീർത്ഥാടനങ്ങളിൽ ശ്രേഷ്ഠമാണ് എരുമേലിവഴി പരമ്പരാഗത വനപാതയിലൂടെയുള്ള ഈ ശബരിമല ദർശനം. അതിൽ ദർശനവുമുണ്ട് സമഭാവനയും, സമത്വവുമുണ്ട്, ലാളിത്യവും. നാമെല്ലാം അടിസ്ഥാനപരമായി ഒന്നാണെന്നു മന്ത്രിക്കുന്ന തത്വമസിയുമുണ്ട്, ഏകാത്മ ബോധാനന്ദമുണ്ട്. നല്ല കാടും കാട്ടരുവികളും മലകളും

ചേർന്ന സഹ്യപർവ്വതം. ആരോഗ്യ സംരക്ഷണത്തിന് ആയുർവ്വേദത്തിൽ കായകല്പ ചികിത്സ ചെയ്യാറുണ്ട്. നമ്മളെ എണ്ണത്തോണിയിൽ കിടത്തിയും തിരുമ്മിയും ദുർമ്മേദസ്സുകളൊക്കെ മാറ്റി ശുദ്ധി ചെയ്ത് ശരീരത്തിന് പുതുമ നൽകുന്നു. കഷ്ടപ്പാടും നല്ല ചെലവുമുള്ള കാര്യമാണ്. എന്നാൽ ഒരു വനയാത്ര നടത്തിയാൽ കൊളസ്ട്രോളും മറ്റ് രോഗങ്ങളുമൊക്കെ പമ്പ കടത്തി ശരീര മനസ്സുകളുടെ ആരോഗ്യം നിലനിർത്താവുന്നതാണ്.

ഡിസംബർ 14-ാം തീയതി രാവിലെ 5.00ന് നീർക്കുന്നം ധന്യയിൽനിന്നും ഞങ്ങൾ റാന്നിവഴി എരുമേലിക്ക് പുറപ്പെട്ടു. ഡോ.എൻ.എൻ.പണിക്കർ സാറും, സരളച്ചേച്ചിയും തിരുവനന്തപുരത്തുനിന്നും, ശശീന്ദ്രൻസാർ കൊട്ടാരക്കരയിൽനിന്നും, ഗിരിജൻ എറണാകുളത്തുനിന്നും, ബസുമ മാവേലിക്കരയിൽനിന്നും മുൻ നിശ്ചയപ്രകാരം എരുമേലി അയ്യപ്പസേവാസംഘം ഓഫീസിൽ എത്തി. എല്ലാവരും തമ്മിൽ പരിചയപ്പെട്ട് മാനുഷികധ്യാനം നടത്തി. യാത്രാസംഘത്തിൽ 24 പേരുണ്ട്. അമ്മയായി സരളച്ചേച്ചിയും. അയ്യപ്പസേവാസംഘം സെക്രട്ടറി കുട്ടേട്ടൻ (ശശിധരൻനായർ) ഞങ്ങൾക്ക് നല്ല പ്രഭാതഭക്ഷണം ഒരുക്കിയിരുന്നു. കപ്പയും പയറും ചേർന്ന പുഴുക്കും അതിനുപറ്റിയ ഒരു ചമ്മന്തിയും കുടിക്കാൻ ചായയും. ഞങ്ങൾ ഒന്നിച്ച് വലിയമ്പലവും വാവരുപള്ളിയും ചെറിയമ്പലവും ഒക്കെ സന്ദർശിച്ച് പ്രാർത്ഥന നടത്തി. ക്ഷേത്രവും പള്ളിയും അയൽക്കാരാണ്. അയ്യപ്പനും വാവരും മിത്രങ്ങളായിരുന്നതിന്റെ നല്ല സന്ദേശം. ഇവിടെ ഇപ്പോൾ ഉത്സവ പ്രതീതിയാണ്. എങ്ങും അനുഷ്ടാന നൃത്തമായ പേട്ടതുള്ളൽ നടക്കുന്നു. “അയ്യപ്പത്തിന്തകത്തോം സ്വാമി തിന്തകത്തോം” എന്ന ആർപ്പുവിളിയോടെ ക്ഷേത്രങ്ങൾക്കും പള്ളിക്കും പ്രദക്ഷിണം വയ്ക്കുന്നു. തുള്ളുമ്പോൾ പണ്ട് പരസ്പരം പറഞ്ഞുകൊണ്ടിരുന്ന അയ്യപ്പാ നിന്റകത്ത് ഓം - സ്വാമി നിന്റെകത്ത് ഓം - എന്ന തത്വമസി മന്ത്രം തന്നെയാണ് ഉത്സവലഹരിയിൽ അയ്യപ്പത്തിന്തകത്തോം ആയി മാറിയത്. “ഈശ്വരഅള്ളാ തേരേനാം”.

ഓം എന്നാൽ എങ്ങും നിറഞ്ഞിരിക്കുന്ന പ്രപഞ്ച ചൈതന്യത്തിന് മഹർഷിമാർ നൽകിയ നാമമാണ്. മനുഷ്യമനസ്സിലെ ദുഷ്ടശക്തികളുടെ പ്രതീകമായ മഹിഷിയെ അയ്യപ്പൻ വധിച്ചുകഴിഞ്ഞപ്പോൾ ഉണ്ടായ ആനന്ദാതിരേകത്താൽ സ്വയം മറന്നുള്ള നൃത്തമാണ് പേട്ടതുള്ളൽ. എരുമയെ കൊന്ന എരുമകൊല്ലി ആണ് കാലാന്തരത്തിൽ എരുമേലി ആയത്. വനം കൊള്ളക്കാരനും കരിമലക്കോട്ടയുടെ അധി

പനുമായിരുന്നു ഉദയനൻ. അവനെ വധിക്കാൻ അയ്യപ്പന്റെ നേതൃത്വ ത്തിൽ അമ്പലപ്പുഴനിന്നും ആലങ്ങാട്ടുനിന്നും എത്തിയവർ എരുമേലി യിൽ ഒത്തുകൂടി-വാവരുമായി ആഘോഷ തിമിർപ്പോടെ അഴുത കടന്ന് കരിമലയിൽ എത്തി ഉദയനനെയും സൈന്യത്തേയും കീഴടക്കുന്നു. അങ്ങനെ കഥകളുറങ്ങുന്ന സ്ഥലങ്ങളിലൂടെയാണ് നമ്മുടെ വനയാത്ര. ഒരു പാശ്ചാത്യചിന്തകൻ ഒരിക്കൽ പറഞ്ഞതുപോലെ ഞങ്ങളുടെ നാട്ടിലും മലയും കാടും കാട്ടരുവികളും ഉണ്ട് പക്ഷേ അവയെല്ലാം നിർജീവങ്ങളാണ്. വെറും കാടും മലയും തന്നെ എന്നാൽ ഭാരത ത്തിലെ ഋഷിമാർ ബുദ്ധിമാന്മാരാണ്. അവർ ഈ നാടിന് കഥകളി ലൂടെ ആത്മീയ പരിവേഷം കൊടുത്തപ്പോൾ തീർത്ഥസ്ഥലങ്ങളായി പരിണമിച്ച് മനുഷ്യമോചന കേന്ദ്രങ്ങളായി. ഇതിലെല്ലാം കുറേ ചരി ത്രവും ഉണ്ട്. പന്തളം രാജകുമാരനായിരുന്ന മണികണ്ഠൻ കടൽകൊള ളക്കാരനായിരുന്ന വാവരെ കായംകുളം കടപ്പുറത്ത് വെച്ച് യുദ്ധത്തിൽ മിത്രമാക്കി മാറ്റുകയാണ് ചെയ്തത്. പിന്നീട് അങ്ങോട്ട് ധർമ്മസംസ്ഥാ പനത്തിന് ഇരുവരും ഒന്നിക്കുന്നു. ഹിന്ദു-മുസ്ലീം മൈത്രിക്ക് ഇത് ഒരു പാവനമായ അടിത്തറ സൃഷ്ടിക്കുന്നു. വാവരുടെ പേരിലും അയ്യ പ്പക്ഷേത്രത്തോട്ചേർന്ന് പള്ളി ഉയരുന്നു. നാം അവിടെയെല്ലാം ദർശനം നടത്തുന്നു. കുറുപ്പ്സാർ പറയും പോലെ നമുക്ക് ഒന്നിച്ച് ക്രിസ്തുമസ് ആഘോഷിക്കാം, ഒന്നിച്ച് ഹജ്ജിന് പോകാം, കുംഭമേ ളയും നടത്താം. എന്താ കുഴപ്പം? അന്നാണ് ഈശ്വരാനുഗ്രഹം മഴ പോലെ വന്ന് പതിക്കുന്നത്. അതുവരെ, നാം എല്ലാം ഒന്നാണെന്ന് തിരിച്ചറിയുംവരെ ഇവിടെ അന്ധകാരം നിലനില്ക്കുന്നു.

കുട്ടേട്ടൻ ഒരു കുടുംബാംഗത്തെ പോലെ ഇവിടെ ഞങ്ങൾ ക്കെല്ലാ സൗകര്യങ്ങളും ചെയ്തുതന്നു. അദ്ദേഹത്തോടും സഹപ്ര വർത്തകരോടും വീണ്ടും വരാമെന്ന് പറഞ്ഞ് ഞങ്ങൾ ഒരു വണ്ടി യിൽ 12 കിലോ മീറ്റർ സഞ്ചരിച്ച് അഴുതയിലെത്തി. ഞങ്ങളോടൊ പ്പമുള്ള തങ്കപ്പൻസാറിന്റെ മകൻ അജിത്തിന്റെ മിത്രം ഞങ്ങളെ കാത്ത് നിന്നിരുന്നു. ഞങ്ങൾക്കുവേണ്ട ഭക്ഷണത്തിനും ഏർപ്പാടുണ്ട്. അഴു തയിൽ കുളിച്ച് വന്ന് ഭക്ഷണം കഴിച്ചു. ഇവിടെ നിന്നും പമ്പയ്ക്ക് 30 കിലോമീറ്റർ നടക്കണം. 2 വഴികൾ-അഴുതമേട് കയറി കല്ലിടുംകുന്നി ലെത്തി (അഴുതയിൽ കുളിക്കുമ്പോൾ എടുക്കുന്ന കല്ല് അയ്യപ്പന്മാർ കല്ലിടാം കുന്നിലിടുന്നു. അയ്യപ്പൻ വധിച്ച ഉഗ്രരൂപിണിയായ മഹിഷിയെ ഇവിടെ കല്ലിട്ട് മൂടുന്നു എന്നാണ് സങ്കൽപ്പം), ഇഞ്ചിപ്പാറക്കോട്ട കടന്ന് മുക്കുഴിയിലെത്തുക. അല്പംകൂടി എളുപ്പവഴിയാണ് ഞങ്ങൾ തെര ഞ്ഞെടുത്ത അരയക്കുടി വഴിയുള്ള മുക്കുഴിയാത്ര. അഴുതയിൽ നിന്ന്

2 കിലോമീറ്റർ നടന്ന് കാളകെട്ടി ശിവപാർവ്വതി ക്ഷേത്രത്തിലെത്തി. അവിടെ നാട്ടുകാരനായ വൈശാഖ് ഞങ്ങളെ പ്രതീക്ഷിച്ച് നിന്നിരുന്നു. ഇനിയുള്ള യാത്രക്ക് വൈശാഖ് ഞങ്ങൾക്ക് കൂട്ടിനുണ്ടാകും ക്ഷേത്രത്തിൽ ദർശനം ചെയ്ത് ഞങ്ങൾ വനയാത്ര ആരംഭിച്ചു. 8 കിലോമീറ്റർ സഞ്ചരിച്ച് മൂഴിക്കൽ ശങ്കരനാരായണക്ഷേത്രത്തിലെത്തി വിശ്രമിച്ചു. അഷറഫ് കൊണ്ടുവന്ന കുമ്പിൾഅപ്പവും, സുധീർ വിളയിച്ചുകൊണ്ടുവന്ന സ്വാദിഷ്ടമായ അവലും കഴിച്ച് ആറ്റിൽചാടി വീണ്ടും കുളിച്ചിട്ട് നടന്ന് സന്ധ്യയോടെ മുക്കുഴിയിലെത്തി. ഞങ്ങളുടെ താമസസ്ഥലം വൈശാഖ് ഏർപ്പെടുത്തിയിരുന്നു. ചുറ്റും നിബിഡവനം. കാട്ടിലെ മിത്രങ്ങൾ ഇങ്ങോട്ട് വരാതിരിക്കാൻ അതിർത്തിയിൽ അഗ്നി കൂട്ടിയിട്ടുണ്ട്. ഇവിടെ ഒരു ദേവീക്ഷേത്രവും ഗണപതി കോവിലും ഉണ്ട്. ഞങ്ങൾ അവിടെയൊക്കെ ദർശനം നടത്തി പണ്ട് കാലത്ത് ഈ കാട്ടിലെല്ലാം മനുഷ്യവാസമുണ്ടായിരുന്നു. അവർ കാടിന്റെ ഭാഗമായി തന്നെ ജീവിച്ചു. ആരാധിച്ചു. പരസ്പരം സംരക്ഷിച്ചു. ഇന്ന് കാടും നശിപ്പിച്ചു സ്വയം നശിക്കുന്നു.

വിശാലമായ ഒരു വിരിയിലാണ് ഞങ്ങളുടെ താമസം. സുഖകരമായ അന്തരീക്ഷം. എല്ലാവർക്കും അതിന്റെ ഉന്മേഷമുണ്ട്. അത്താഴത്തിന് കഞ്ഞിയും പയറും റെഡി. അത് അവിടെ ഇരിക്കട്ടെ. അതിലും രുചിയേറിയ ഭക്ഷണത്തിന് ഞങ്ങൾ വട്ടം കൂടി ഇരുന്നു കുറുപ്പ് സാറിന്റെ നാം മനുഷ്യരാണ് എന്ന ലേഖനം ഞങ്ങൾ വായിച്ച് ചർച്ച ചെയ്തു. അതിൽനിന്ന് ലഭിച്ച ഊർജത്താൽ ബാഷയും സുധീറുമൊക്കെ എഴുന്നേറ്റ് ഈ സന്ദേശങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുവാനുള്ള ശ്രമം ഇതാ തുടങ്ങുന്നു എന്നറിയിച്ചു. ആ രാത്രിയുടെ ഒരു സ്പിരിറ്റ്, ധ്യാനത്തിന്റെ മഹത്വം ഒക്കെ ഇവിടെ വിവരിക്കുവാൻ ആവില്ല. ലേഖനത്തിലെ ചില ഭാഗങ്ങളാണ് മുഖലേഖനമായി ചേർത്തിട്ടുള്ളത്.

തുടർന്ന് ഡോക്ടർ എൻ.എൻ. പണിക്കരുസാർ ഭഗവത്ഗീതയെ അധികരിച്ച് ഞങ്ങൾക്ക് ക്ലാസ്സെടുത്തു. ദർശനത്തിന്റെ ആദ്യകാല പ്രവർത്തനത്തെകുറിച്ച് വിശദീകരിച്ച് ചന്ദ്രൻപുറക്കാട് നമ്മുടെ പത്രവും പ്രവർത്തനങ്ങളും കുറേക്കൂടി ബഹുജനങ്ങളിലേക്ക് എത്തിക്കുവാൻ വായനക്കാർ പരിശ്രമിക്കണമന്ന് അപേക്ഷിച്ചു. ബസുമ – ബന്ധുത്വ സുന്ദരമായ മനസ്സ് എങ്ങനെയാണ് രൂപപ്പെടുത്തേണ്ടതെന്ന് ഈ പേര് സ്വീകരിച്ച ബാലസുബ്രഹ്മണ്യം വിശദീകരിച്ചു. മുരളിച്ചേട്ടന്റെ സന്ദേശം ഓംകാരത്തെ കുറിച്ചായിരുന്നു. അത് ഗംഭീരമായി.

സരളച്ചേച്ചിയും, മൂന്നാർ അഷറഫും, സാംജോസും, അബ്ദുൽഹക്കീമും, ഗോപനും, സുധീറും, ഷാജിയും, ഗോവിന്ദനും, ശശീന്ദ്രൻ സാറും, അനിയൻ കുട്ടനും, ബാബുവും മകൻ മനുവും, സരളച്ചേച്ചിയും, ജയനും സ്വാഭിപ്രായങ്ങൾ പങ്കിട്ടപ്പോൾ മനസ്സിന് വിഭവസമൃദ്ധമായ വിരുന്നായി. ചർച്ചകൾ കഴിഞ്ഞ് ശിവൻ 'നാറാണത്തുഭ്രാന്തൻ' എന്ന കവിതകൂടി ആലപിച്ചപ്പോൾ എല്ലാവർക്കും പൂർണ്ണ തൃപ്തിയായി. പിന്നെ ശരീരത്തിന് കഞ്ഞിയും പയറും കൊടുത്തു. നല്ല തണുപ്പുള്ള രാത്രി എല്ലാവരും വനദേവതയുടെ മടിത്തട്ടിൽ പുതച്ച് മൂടി കിടന്നുറങ്ങി. വെളുപ്പിന് ഉണർന്ന് കട്ടൻ കാപ്പിയും ബോണ്ടയും കഴിച്ചിട്ട് ഐസ് പോലുള്ള വെള്ളത്തിൽ ഒരു കുളിയും പാസാക്കി. 6 മണിക്ക് മാനുഷിക ധ്യാനവും കഴിഞ്ഞ് ബസുമയുടെ യോഗാ ക്ലാസും കേട്ട് ഞങ്ങൾ വനയാത്രയ്ക്ക് തയ്യാറായി. ശശീന്ദ്രൻസാർ ഒരു നിർദ്ദേശം വച്ചു,

ഞങ്ങളുടെ ക്യാമ്പിന് താഴെ വഴിയിൽ കുറച്ച് സ്ഥലം ചെളി നിറഞ്ഞ് കിടക്കുകയാണ്. പൂർണ്ണ ശുചീകരണം ഞങ്ങൾക്ക് സാധ്യമല്ല. എന്നാലും ആകുന്നത് ചെയ്യാം. നാം കല്ലിടാം കുന്നിൽ കല്ല് ഇട്ടില്ലല്ലോ. നമുക്കാവുന്ന കല്ല് ഈ കുഴിയിലിട്ടാൽ വഴി കുറേ വൃത്തിയാകും. അപ്രകാരം പ്രതീകാത്മകമായി ചെയ്തിട്ട് മുക്കുഴിയിൽ നിന്നും വനത്തിനുള്ളിലേക്ക് ദർശനം പരസ്പരാനന്ദ യാത്രാ സംഘം നടന്നു തുടങ്ങി. ഇത്രയധികം ആനകളോ. വഴിയിലെല്ലാം അവയുടെ വിഹാര രംഗത്തിന്റെ സാക്ഷ്യങ്ങൾ. നല്ല ആനച്ചൂര് – ആന നമ്മുടെ തൊട്ടടുത്തുണ്ടെങ്കിൽ അനുഭവപ്പെടുന്ന ആനയുടെ ഗന്ധം. ശരണം വിളിച്ചുകൊണ്ട് ഞങ്ങൾ നടന്നു. സുന്ദരമായ വനദൃശ്യങ്ങൾ, വൻമരങ്ങൾ, ഏറുമാടങ്ങൾ ഒരു കുടുംബത്തിന് കേറിയിരിക്കാവുന്ന മരപ്പൊത്തുകൾ ഒക്കെ കണ്ടു. മാറാപ്പിലുള്ള കപ്പലണ്ടിയും ഈന്തപ്പഴവും ഒക്കെ കഴിച്ച് കുറേ നടന്ന് ക്ഷീണിച്ച് ഞങ്ങൾ നിരപ്പായ ഒരു സ്ഥലത്ത് വിശ്രമത്തിന് ഇരുന്നു. ഇവിടെ വിജ്ഞാനപ്രദമായ ഒരു ക്ലാസ്സ് നടന്നു. ശ്രീ. എൻ.എൻ. പണിക്കരുസാർ വിനോബഭാവയെ കാണാൻ പോയതും ഭൂദാനപ്രസ്ഥാനത്തിൽ പങ്കെടുത്തതും ഞങ്ങൾ ശ്രദ്ധയോടെ കേട്ടിരുന്നു. ഒപ്പം സരളച്ചേച്ചി കൊണ്ടുവന്ന മധുര പലഹാരം ഗ്രനോള എത്ര തിന്നിട്ടും മതയായില്ല. ബസുമ യാമങ്ങളെകുറിച്ച് പഠിപ്പിച്ചു. നാല് മണിക്കൂറാണ് ഒരു യാമം നമ്മുടെ മഹർഷിമാർ ഓരോ യാമത്തെ കുറിച്ചും അപ്പോൾ ചെയ്യേണ്ട പ്രവർത്തികളെകുറിച്ചും നിർദ്ദേശിച്ചിട്ടുണ്ട്.

1. **സരസ്വതീയാമം** : വെളുപ്പിന് 2 മണി മുതൽ 6 വരെയുള്ള ഈ സമയം ധ്യാനത്തിനും പഠനത്തിനും അത്യുത്തമം. ചിന്തകൾ നന്മ കൾകൊണ്ട് നിറച്ച് യോഗ ചെയ്താൽ ജീവിതം സുന്ദരമാകും.

2. **ലക്ഷ്മിയാമം** : രാവിലെ 6 മുതൽ 10വരെ കൃഷിക്ക് അത്യുത്തമമായ സമയമാണിത്. കൈതൊഴിലുകളും അഭ്യസിക്കാം.

3. **ജ്യേഷ്ഠയാമം** : 10 മുതൽ 2വരെയുള്ള ഈയാമം പുതിയ കർമ്മ ങ്ങൾക്ക് ഉത്തമമല്ല. വിഹിത കർമ്മങ്ങളും ഭക്ഷണം, ചികിത്സ, വിശ്രമവു മൊക്കെയാകാം.

4. **പാർവ്വതിയാമം** : ഉച്ചകഴിഞ്ഞ് 2 മുതൽ 6 വരെ സാഹിത്യോപാസ നയ്ക്കും കലകളുടെ പഠനത്തിനും ഉപയോഗിക്കാം.

5. **ദുർഗ്ഗായാമം** : 6 മുതൽ 10 വരെ ആയോധനകലകളായ ഗുസ്തിയും, കളരിപ്പയറ്റുമൊക്കെ പഠിച്ചിരുന്ന സമയമാണിത്. ഇന്നത്തെ ഭാഷയിൽ ഷട്ടിൽ കളികളും സത്സംഗങ്ങളും നടത്താം.

6. **കാളിയാമം** : രാത്രി 10 മുതൽ 2 വരെ എല്ലാകർമ്മങ്ങളും ജഗതീശ്വ രന്റെ പാദങ്ങളിൽ അർപ്പിച്ച് ഒന്നിനെ പറ്റിയും ചിന്തിക്കാതെ സുഖ മായി ഉറങ്ങുക. ഇതൊക്കെ പഴയകാല ദിനചര്യകളാണ്. കാലോചിത മായമാറ്റം ആകാം. എന്നാൽ മാറ്റിക്കൂടാത്തെ ഒരു കാര്യമുണ്ട്. നാം പാകം ചെയ്യുന്ന ഭക്ഷണത്തിന്റെ ജീവമൂല്യം ഒരു യാമത്തിനപ്പുറം നീണ്ടുനിൽക്കുകയില്ല. പിന്നീടത് അണുക്കൾക്കുള്ള ഭക്ഷണമാണ്. അത് കഴിച്ചാൽ രോഗങ്ങൾ ഉണ്ടാകും. അപ്പോൾ അണുക്കളെ കുറ്റം പറ ഞ്ഞിട്ട് കാര്യമില്ല.

വീണ്ടും ഞങ്ങൾ നടപ്പ് തുടങ്ങി. മുക്കുഴിയിൽ നിന്നും 10 കിലോ മീറ്റർ പിന്നിട്ടപ്പോൾ ഒരു കാട്ടരുവി തീരത്തെത്തി. കരിയിലാംതോട്. വന്യമൃഗങ്ങളുടെ വിഹാരകേന്ദ്രമാണ് ഈ സമതല പ്രദേശം. തീർത്ഥാടകരുടെ ഈ പ്രവാഹസമയത്ത് അവ ഒന്ന് ഒതുങ്ങി നിൽ ക്കുന്നു. മനുഷ്യന് മാത്രമല്ല ബുദ്ധി. എത്രയോ കാലങ്ങളായി അവർ ശരണംവിളി കേൾക്കുന്നു. ഈ ശബ്ദം ശത്രുക്കളുടേതല്ലെന്ന് അവർക്ക് തിരിച്ചറിയാം വൈശാഖ് ഞങ്ങളോട് പറഞ്ഞു. തീർത്ഥാ ടനകാലം തീർന്നാൽ അടുത്ത ദിവസം തന്നെ ഈ പ്രദേശങ്ങളുടെ ഭരണം അവർ ഏറ്റെടുക്കും. അവശേഷിക്കുന്ന ഉപ്പും ചാരവും ജൈവാ വശിഷ്ടങ്ങളും ഒക്കെ അവർക്ക് ആഹാരം തന്നെ. മൃഗങ്ങൾക്ക് നമ്മ ളെപ്പോലെ ചതിക്കാനറിയില്ല. ഭക്ഷണസാധനങ്ങളോടൊപ്പം നാം ഉപേ

ക്ഷിക്കുന്ന പ്ലാസ്റ്റിക് കവറുകൾ കഴിക്കാനിടയാകുന്ന സാധുമൃഗങ്ങൾ ചത്തുപോകുന്നു.

കാട്ടരുവീ തീരത്തെ വിശാലമായ ഒരു വിരിയിൽ ബാഗുക ളൊക്കെ ഒതുക്കി വെച്ച് ഞങ്ങൾ കരിയിലാം തോടിൽ ഇറങ്ങി കുളിച്ചു. നല്ല പളുങ്കുപോലുള്ള വെള്ളം. ഉരുളൻ പാറക്കല്ലുകൾ. നോക്കൂ നമ്മുടെ ശിവൻ അരയറ്റം വെള്ളത്തിൽ ധ്യാനത്തിലാണ്. തുടർന്ന് പ്രൊഫസർ മധുസൂധനൻ നായർ എഴുതിയ ഗംഗയെ കുറിച്ചുള്ള കവിത നദീമധ്യത്തിൽ ഇരുന്ന് പാടാൻ ഒരുങ്ങുന്നു. ഞങ്ങൾ എല്ലാം നദി യിലെ പാറക്കല്ലുകളിലും മരക്കൊമ്പുകളിലുമായി സ്ഥാനം പിടിച്ചു. പ്രിയ വായനക്കാരെ നിങ്ങളും വന്ന് ഈ മനോഹര തീരത്ത് ഇരുന്ന് കൊള്ളുക.

**ഇവിടെ തപസിനിന്നാർക്കുനേരം.** സ്വർഗ്ഗത്തിൽ നിന്നും ഉത്ഭ വിച്ച് ശിവന്റെ ജഡാജൂഡത്തിൽ വന്ന് പതിച്ചിട്ട് ഭാരതഭൂമിയിലൂടെ ഒഴുകി നാടിനെ സംരക്ഷിച്ചും ശുദ്ധിചെയ്തും സഞ്ചാര പഥങ്ങളിൽ ഇരുന്ന് തപസ്ചെയ്ത മഹർഷിമാർക്ക് സായൂജ്യവും ഏകിയ ഗംഗ. ആ പുണ്യനദിയെക്കുറിച്ചും അവരുടെ അദ്വൈത ദർശനത്തെ കുറിച്ചും പ്രതിപാദിക്കുന്ന മഹത്തായ കവിതയിലൂടെ കവി ചോദിക്കുന്നു, ഇവിടെ തപസ്സിനിന്നാർക്കു നേരം. നമ്മുടെ സംസ്കാരത്തെയും പ്രകൃ തിയെയും ചവിട്ടി മെതിച്ച് അധർമ്മത്തിന്റെ മാർഗ്ഗത്തിൽ സഞ്ചരിക്കുന്ന മനുഷ്യരെ നോക്കി കവി ദുഃഖിക്കുന്നു. എന്ന് എങ്ങിനെ നമ്മുടെ സംസ്കൃതിയെ നാം വീണ്ടെടുക്കും. നാം മലിനപ്പെടുത്തിയ ഗംഗ യോട് ക്ഷമാപണത്തോടെ അപേക്ഷിക്കുകയാണ് വീണ്ടും ആ കമ ണ്ഠലുവിൽ നിന്നും പുനർജനിച്ച് ഞങ്ങളെ സംരക്ഷിക്കണമേ എന്ന്.

മനുഷ്യന്റെ മിഥ്യാസങ്കൽപ്പങ്ങളെ, താണതല ചിന്തകളെയൊക്കെ കത്തിചാമ്പലാക്കാൻ ആഹ്വാനം ചെയ്യുന്ന അഗ്നിയാണ് ഗംഗയിലൂടെ ഒഴുകി വന്നത്. നമ്മുടെ ശിവന്റെ ഭാവാഭിനയത്തോടെ ഒഴുകി വന്ന ഈ ഗംഗാപ്രവാഹത്തിന്റെ ആനന്ദലഹരിയിൽ ബാഷ വന്ന് ശിവനെ ആലിംഗനം ചെയ്തു. ഞങ്ങൾ ചുറ്റും നിന്ന് നൃത്തം ചെയ്തു. ഈ കവിതാലാപനം ഈ യാത്രയിലെ അവിസ്മരണീയ സംഭവമായി എല്ലാ വരുടെയും ഹൃദയത്തിൽ ഇപ്പോഴും സുഖദ നർത്തനം ചെയ്യുന്നു.

വരൂ, യാത്ര തുടരാം. ഞങ്ങൾ വിരിയിൽവന്ന് ചൂട് കഞ്ഞിയും കപ്പയും കഴിച്ചു. കരിയിലാംതോട് നീന്തികയറി 2 കിലോമീറ്റർ നടന്ന് കരിമലയുടെ അടിവാരത്തെത്തി. ഏഴു തട്ടുകളായുള്ള കരിമല സാവകാശം കയറിത്തുടങ്ങി. കരിമലകയറ്റം കഠിനമെന്റയ്യപ്പാ. നടന്നു

നടന്ന് ഒരു മരച്ചുവട്ടിൽ വിശ്രമിച്ചു. ഹക്കിം ധാരാളം കുക്കുമ്പർ കൊണ്ടുവന്നിരുന്നു. അതിവിടെ അമൃതായി. ഉച്ചയോടെ ഞങ്ങൾ കരി മല മുകളിലെത്തി ഇവിടെയായിരുന്നു കൊള്ളക്കാരനായ ഉദയനന്റെ വാസസ്ഥലം. ഉദയനെ വധിച്ച് അയ്യപ്പൻ ഈ പ്രദേശത്തെ ഭീകരത യിൽ നിന്നും മോചിപ്പിച്ചു. പുരാതനമായ രണ്ടു കിണറുകൾ ഇവിടെ യുണ്ട്. അയ്യപ്പനും സംഘവും ഇവിടെ നിന്ന് വെള്ളം കുടിച്ചിട്ടു ണ്ടെന്നാണ് ഐതിഹ്യം. എന്നാൽ അയ്യപ്പ സേവാസംഘം ഇവിടെ വിതരണം ചെയ്യുന്ന കഞ്ഞി ഞങ്ങൾ കുടിച്ചു എന്നുള്ളത് സത്യം. ഏതായാലും ഈ കഥകളും ചരിത്രവും ഇഴചേർന്ന വഴിത്താരകൾ നമ്മുടെയൊക്കെ ഉള്ളിൽ വസിക്കുന്ന ഉദയനെയും മഹിഷിയേയും ഒക്കെ വധിക്കുവാൻ സഹായകരമായ അന്തരീക്ഷ സൃഷ്ടി നടത്തുന്നു.

കരിമല ഇറക്കം തുടങ്ങി. ഇറങ്ങിയിട്ടും ഇറങ്ങിയിട്ടും പമ്പ യിലെത്തുന്നില്ല. മുട്ടിന്റെ വിജാഗിരി ശരിക്ക് പ്രവർത്തിക്കുന്നില്ല. ഇത്തിരി എണ്ണ ഇട്ട് കൊടുക്കാൻ കഴിഞ്ഞെങ്കിൽ. നടന്ന് നടന്ന് വിശാലമായ ഒരു പുൽപ്രദേശത്തെത്തി. വാകമരങ്ങൾ പൂത്ത് നിൽക്കുന്നു. അൽപ്പ നേരം കാഴ്ചകൾ കണ്ടിരുന്നു. ഇവിടെയാണ് വലിയാനവട്ടം. കുറേ കൂടി നടന്ന് ചെറിയാനവട്ടത്തെത്തി. അതിനപ്പുറം പമ്പ. **പമ്പാസര സ്തടം ലോകമനോഹരം**. പ്രിയമുള്ളവരേ, എന്ത് സുഖകരമായിരുന്നു രണ്ട് ദിവസത്തെ ഈ യാത്ര. കാട്, അരുവികൾ, എണ്ണമറ്റ ജീവജാല ങ്ങൾ അടങ്ങിയ ഈ വിശ്വപ്രകൃതി എല്ലാം താളാത്മകമായി ചലിക്കു ന്നു. നമ്മുടെ ആന്തരികാവയവങ്ങളും അങ്ങിനെതന്നെ പ്രവർത്തിക്കു ന്നു. എന്നാൽ താളംതെറ്റിയ ഒരു ഘടകം നമ്മിലുണ്ട്. അതാണ് നമ്മുടെ മനസ്സ്. നമ്മെ വഴിതെറ്റിക്കുന്നതിലാണ് അവനു താൽപ്പര്യം. ബുദ്ധിയാ കുന്ന കടിഞ്ഞാൺകൊണ്ട് അവനെ വരുതിയിൽ നിർത്തണം. ഈ കാട്ടിൽ ഇവനൊന്ന് അടങ്ങിയതിന്റെ സുഖമാണ് നമുക്കിപ്പോൾ കിട്ടി യത്. ഇത് തുടരണം ചിന്തയും വാക്കും പ്രവൃത്തിയും താളാത്മകമാ കണം. നമ്മുടെ ചിന്തയുടെ താളം തെറ്റിയാൽ വീടിന്റെ താളം തെറ്റും. അത് വഴി സമൂഹത്തിലും അപശ്രുതിയുണ്ടാകും. ഈ വനത്തിന്റെ താളാത്മകതയിൽ നിന്ന് ഏകാഗ്രതയോടെ നമ്മുടെ മനസ്സിന്റെ സന്തു ലിതാവസ്ഥ വീണ്ടെടുക്കുക. മനസ്സും പ്രവൃത്തിയും നല്ല താളത്തിൽ കൊണ്ടുവന്നാൽ നമുക്കും സമൂഹത്തിനും ജീവിതാനന്ദമായി.

യാത്രാവിവരണം കൂടിപ്പോയോ? ഞങ്ങൾ പമ്പാ ഗണപതികോവിലിൽ എത്തി ദർശനം നടത്തി മംഗളം പാടി. കാക്കാഴം ഹൈസ്കൂൾ അദ്ധ്യാപകനായ അനിൽകുമാറായിരുന്നു ഞങ്ങളുടെ ഖജാൻജി. ചെലവുകൾ പങ്കിട്ടെടുത്തു. ആളോഹരി 250രൂപ. വനദേവതയോട് യാത്ര പറഞ്ഞ് പമ്പയിൽ നിന്ന് വണ്ടിയിൽ സ്വന്തം വീടുകളിലേക്ക് ഞങ്ങൾ യാത്ര തിരിച്ചു. ഓർമ്മയിലുള്ള ചിലത് എഴുതി പലതും വിട്ടുപോയി. എന്നാൽ വൈശാഖിന്റെ ഒരു അറിയിപ്പ് സൂക്ഷിച്ചിട്ടുണ്ട്. മുക്കുഴി വനത്തിനുള്ളിലെ മലമുകളിൽ ഒരു പുരാതന ക്ഷേത്രമുണ്ട്. കുറച്ച് നടപ്പുണ്ടെങ്കിലും ഇതുപോലെ നല്ല വനയാത്രയാണ്. സൗകര്യം പോലെ പോകാം. ഇപ്പോൾ വനത്തിൽനിന്നും പഠിച്ച സേവനത്തിന്റെയും പാരസ്പര്യത്തിന്റെയും പാഠങ്ങൾ ചുറ്റുവട്ടത്തേക്ക് പ്രസരിപ്പിച്ചുകൊള്ളുക. ജയ് ജഗത്.

**ഒരു യാത്രയുടെ കഥ**

# ഉത്തരാഖണ്ഡ് ദർശനം

**ചന്ദ്രൻ പുറക്കാട്**

*“പൊൽതിങ്കൾക്കല പൊട്ടുതൊട്ട ഹിമവൽ ശൈലാഗ്രശൃംഗങ്ങളിൽ.......” നമുക്ക് പോകാനായില്ലെങ്കിലും പോയവരുടെ വാക്കുകളിലൂടെ ദർശിക്കാം*

യാത്രകൾ എന്നും അനുഭൂതിദായകങ്ങളാണ്. അത് മനുഷ്യമനസ്സിന് വികാസം നല്കുന്നു. വിജ്ഞാനം തരുന്നു. നമ്മുടെ അയൽക്കാരനെ കുറിച്ചും നാടിനെ കുറിച്ചും അറിവുകൾ പകരുന്നു.

അറിയാനും പഠിക്കാനുമാണ് യാത്രകൾ എന്ന് സഞ്ചാര സാഹിത്യകാരനായ എസ്സ്.കെ.പൊറ്റെക്കാടിന്റെ അനുഭവസാക്ഷ്യം. ദർശനം വാരികയുടെ പ്രകൃതി പഠനയാത്രകളും ഈ പാരസ്പര്യത്തിലധിഷ്ഠിതമാണല്ലോ. എന്നും നമുക്കെല്ലാം പരസ്പരാനന്ദം തരുന്ന ഓർമ്മകളാകുന്നു.

നമ്മുടെ വേദങ്ങളിലും ഇതിഹാസങ്ങളിലുമെല്ലാം തന്നെ ഈ ആത്മാന്വേഷണങ്ങളുണ്ട്. മഹാഭാരതം കഥയിലെ മഹാപ്രസ്ഥാനം തന്നെ ഒരു യാത്രയുടെ അനുഭവങ്ങളാണല്ലോ. വേദകാലത്തെ നിയോഗയാത്ര. പുരാണകഥാതല്പരരായവരുടെ മനസ്സിൽ എന്നും നിറഞ്ഞു നില്ക്കുന്നതാണത്. യുധിഷ്ഠിരന്റെ നേതൃത്വത്തിലുള്ള പാണ്ഡവ

സഹോദരന്മാരുടെ ചതുർധാമ യാത്ര അഥവാ പരിസമാപ്തിയാത്ര.

വഴിക്ക് എന്ത് തന്നെ സംഭവിച്ചാലും പുറം തിരിയാതെ മുന്നോട്ട് തന്നെ പോകണം എന്നതായിരുന്നു യാത്രയിലെ അലിഖിത നിയമം. പുണ്യതീർത്ഥങ്ങളായ ബദരീനാഥ്, ഗംഗോത്രി, യമുനോത്രി, കേദാർനാഥ് എന്നീ വിശുദ്ധസ്ഥലങ്ങൾ കടന്നാണ് ആ മണ്ണിൽ നിന്നു വിണ്ണിലേക്കുള്ള കൈലാസനാഥ ക്ഷേത്രത്തിലേക്ക് ആ സംഘം കട ന്നുപോയത്. ജീവിതയാത്രയിൽ ലക്ഷ്യം പൂർത്തിയാക്കിയവർക്കുള്ള തായിരുന്നു ദേവഭൂമിയിലെ തപോവനയാത്ര. പ്രകൃതിയുടെ മടിത്തട്ടി ലൂടെയുള്ള ആതീർത്ഥാടനം അവസാനിച്ചത് പ്രകൃതി തന്റെ പിതാ വായ ധർമ്മദേവൻ തേരിൽ വന്ന് തന്നെയും കൂട്ടികൊണ്ട് പോകുന്ന തുവരെ അദ്ദേഹം ആ യാത്രതുടർന്നു ഇടയ്ക്ക് വെച്ച് കൂടിയ കാവൽ നായയെകൂടി കൊണ്ട് പോകാൻ ധർമ്മ പുത്രൻ വാശിപിടിച്ചു ആ നായവേഷത്തിൽ കൂടെ സംരക്ഷണത്തിനായി വന്നത് മറ്റാരുമായിരു ന്നില്ല താൻ തന്നെയാണെന്ന് ധർമ്മദേവൻ ധർമ്മപുത്രരെ ബോദ്ധ്യ പ്പെടുത്തിയപ്പോൾമാത്രമാണ് ആ മുതിർന്ന പാണ്ഡവൻ തേരിൽ കയ റാൻ സമ്മതിച്ചത്. യുധിഷ്ഠിരന്റെ ധർമ്മബോധം ഒരിക്കൽ കൂടെ ബോധ്യപ്പെട്ട് ഏറെ സന്തോഷത്തോടെയാണ് ആ രഥം ആകാശത്തേ യ്ക്കുയർന്നത്.

മഹാഭാരതം വായനക്കാരന്റെ മനസ്സിൽ എന്നും നിറഞ്ഞു നിൽക്കുന്ന സംഭവബഹുലമായ ഒരു കഥയുടെ അന്ത്യഭാഗമാണിത്. ജീവിതലക്ഷ്യം പൂർത്തിയാക്കി എന്നു വിശ്വസിക്കുന്ന ഓരോ ഭാരതീ യനും പ്രകൃതിയുടെ മടിത്തട്ടിലുള്ള ഈ ആശ്രമവാടികൾ സന്ദർശി ക്കുകയെന്നത് അവരുടെ കടമയായി കരുതുന്നു. അത് പൂർത്തീകരി ക്കുമ്പോൾ ലഭിക്കുന്നത് ജീവിത സാഫല്യവുമാണ്. വന്നുപോയ അബ ദ്ധങ്ങളെ കുറിച്ചു ചിന്തിക്കാനും അവയ്ക്കു സൃഷ്ടികർത്താവിനോടു മാപ്പ്ചോദിക്കാനും ഈ യാത്ര ഓർമ്മപ്പെടുത്തുന്നു. നമ്മുടെ ശബരി മല യാത്രോദ്ദ്യേശ്യവും അങ്ങിനെ തന്നെയാണല്ലോ. കുറ്റങ്ങൾക്ക് മാപ്പ് ലഭിക്കുന്നതോടെ മനുഷ്യൻ മുക്തനാകുന്നു. ഭക്തിയും മുക്തിയും ഇവിടെ സമ്യക്കാവുമ്പോൾ ജീവിതം തന്നെ പരമധന്യം.

ഈ ധന്യ വഴികൾ തേടിയാണ് ജൂണിലെ ഒരു തണുത്ത പ്രഭാ തത്തിൽ ഡൽഹി വഴി ഞങ്ങൾ ഹരിദ്വാറിൽ എത്തി ചേർന്നത്. തിരു വനന്തപുരത്തുനിന്നുള്ള 24 സംഘാംഗങ്ങളോടൊപ്പം ജൂൺ മൂന്നാം തീയതി പുറപ്പെട്ട കേരള എക്സ്പ്രസ്സ് ജൂൺ അഞ്ചിനു വൈകിട്ട് ഇന്ദ്രപ്രസ്ഥത്തിൽ എത്തിചേർന്നു. എത്രയോ രാജസ്ഥാനങ്ങൾക്ക് അഭയമരുളിയിരിക്കുന്നു ഇന്ദ്രപ്രസ്ഥം അഥവാ ഡൽഹി അതിനെത്ര

യെത്ര അനുഭവങ്ങളാണ് പറയാനുള്ളത്. ചരിത്രത്തിൽ അതെല്ലാം കേട്ട റിഞ്ഞു. ഇനിയും കണ്ടറിയാൻ എത്രയോ ഇടങ്ങൾ. പ്രകൃതി സൃഷ്ടി യിലുള്ള സ്ഥലങ്ങൾ കാണാതെ പോയാൽ നമുക്കെങ്ങിനെ സായൂജ്യം ലഭിക്കും.

ത്രേതായുഗത്തിലെ വാത്മീകിവിരചിതമായ രാമായണവും, ദ്വാപരയുഗത്തിൽ വ്യാസവിരചിതമായ മഹാഭാരതവും ഇന്നും വിശ്വ സാഹിത്യ ചക്രവാളങ്ങളിലെ രജതരേഖകളായ സാഹിത്യ കൃതിക ളാണ്. അവ കണ്ടില്ലെന്നാൽ നാം ലോകംതന്നെ കണ്ടില്ലന്നർത്ഥം. ഓരോ ഭാരതീയനും പോയകാലത്ത് ഈ സ്മൃതികളും ശ്രുതികളും കണ്ടും കേട്ടുമാണ് വളർന്നത്. ഭാരതത്തിൽ ജനിക്കുന്നത് തന്നെ ഭാഗ്യം. അങ്ങിനെ ജനിച്ചുവളരുന്നവർ തീർച്ചയായും കാണേണ്ടവയാണ് ഈ പുണ്യസ്ഥലങ്ങളും കൃതികളും കാളിദാസ വിരചിതമായ ശാകുന്ത ളവും രഘുവംശവും മേഘസന്ദേശവുമെല്ലാം ഇവിടെ മനസ്സിന്റെ ആകാ ശങ്ങളിലേക്ക് തലയുയർത്തി നിൽക്കുന്നു. അമേയമായ ഹിമശ്രംഗ ങ്ങൾ പോലെ പുസ്തകങ്ങളിൽ നിന്നും ഗുരുജനങ്ങളിൽ നിന്നും നമുക്ക് ലഭിച്ച ആ ഇതിഹാസ ബിംബങ്ങളാണ് ഒരു സഹൃദയനെ, ആത്മാന്വേ ഷിയെ വായനക്കാരനെ അങ്ങോട്ടാകർഷിക്കുന്നത്. ആ നടവഴികളിൽ നിൽക്കുമ്പോൾ ലഭിക്കുന്നത് കേവലമായ ആനന്ദം മാത്രമല്ല ആത്മ ജ്ഞാനം കൂടെയാണ്. വൈവിദ്ധ്യവും വൈചിത്രവുമുള്ള പ്രകൃതി ദൃശ്യങ്ങൾ കാണുമ്പോൾ നമുക്കു ലഭിക്കുന്നത് ഇതിന്റെയെല്ലാം സൃഷ്ടാവായപരം പൊരുളിനെതന്നെയല്ലെ.

അപരിമേയമായ ഈ ദിവ്യ ദർശനങ്ങൾ കാണാതെ പോവുക യെന്നാൽ പ്രകൃതിയെ തന്നെ അറിയാതെ പോവുക എന്നതല്ലേ അർത്ഥം. ആ സാക്ഷാത്കാരം കൂടെയാണ് ഇവിടെ ഓരോ യാത്രി കനും അനുഭവവേദ്യമാകുന്നത്. വിജയകരമായി ജീവിതം പൂർത്തിയാ ക്കിയ എത്രയെത്രയതിവര്യന്മാർ ഈ ദേവഭൂമിയിലൂടെ കടന്ന് പോയി രിക്കും തപസ്സനുഷ്ഠിച്ചിരിക്കും. കാശിയിലും ഹരിദ്വാറിലും ഋഷികേ ശിലും നാമമന്ത്രണം നടത്തുന്ന സന്ന്യാസി സമൂഹത്തെ നമുക്കെ ങ്ങിനെ മറക്കാനാകും. അവരുടെ ആശ്രമങ്ങളും ആശ്രമവാടികളും പുഴയോരങ്ങളും, കാട്ടുമരങ്ങളും, ചെടികളും, പക്ഷികളും, ശലഭങ്ങളും ഇവിടെ പറന്നുനടക്കുന്നു. ദേവതാരു പൂത്ത നിബിഡ വനങ്ങളും അതി നിടയിലൂടെ വിഹരിക്കുന്ന കസ്തൂരിമാനും അവയെ കാത്തിരിക്കുന്ന ഹിംസ്രജന്തുക്കളും അപൂർവ്വമായെങ്കിലും ഇപ്പോഴും ഇവിടെയുണ്ട്. അപകടമുന്നറിയിപ്പു നൽകുന്ന പക്ഷികളും സിംഹവാലൻകുരങ്ങളു കളെയും നമുക്കിവിടെ കാണാം.

(തുടരും)

## ബി.ഗോപകുമാറിന്റെ കത്ത്

സയന്റിസ്റ്റ്,ഐ.എസ്.ആർ.ഒ
തിരുവനന്തപുരം. ഫോൺ : 09446550034

പ്രിയ പത്രാധിപർ

ദർശനത്തിലൂടെ നമ്മുടെ കൂട്ടായ്മാ വിവരണങ്ങളും നാടിന്റെ സ്പന്ദനവും പത്രത്തിന്റെ ഒരു കോണിലിരുന്നുള്ള സാറിന്റെ ചിരിയും എത്രസുന്ദരമാണ്. കഴിഞ്ഞ ലക്കങ്ങളിലൂടെ ഒഴുകി വന്ന കാപ്പിത്തോടു പ്രശ്നം എന്റെ ചിന്തകളെ പുറകോട്ട് ക്ഷണിച്ചു.

“കാപ്പിത്തോടിനോട് ചേർന്ന് കാക്കാഴം സ്കൂളിൽ ആയിരക്കണക്കിന് കുട്ടികൾ ദുർഗന്ധം ശ്വസിച്ച് ഒരു സാമൂഹിക ദുരന്തത്തിലേക്ക് കൂപ്പ് കുത്തികൊണ്ടിരിക്കുന്നു” എന്ന വാർത്ത എത്രവേദനാജനകവുമാണ്, ഉടനെ പരിഹരിക്കേണ്ടതും. (പുസ്തകം 41, ലക്കം 4, 2013 നവംബർ 20)

1962 മുതൽ 1972 വരെ പത്തുവർഷം ഞങ്ങൾ പഠിച്ചിരുന്ന സ്കൂളാണ് കാക്കാഴം സ്കൂൾ. നഷ്ടമാകാത്ത ഒരാത്മബന്ധം ഈ സ്കൂളും പരിസരവുമായി എനിക്കെന്നപോലെ ആ കാലത്ത് പഠിച്ച പലർക്കും ഇത് വായിക്കുമ്പോൾ ഉണ്ടെന്ന് തോന്നിയാൽ തികച്ചും സ്വാഭാവികം. ഗുരു ശിഷ്യബന്ധവും പരിസര ശുചിത്വവും ചേർന്ന് സൃഷ്ടിച്ച നല്ല അന്തരീക്ഷം ആയിരുന്നിരിക്കാം ഈ തോന്നലിനു കാരണം.

സ്കൂളിനോട് തൊട്ട് ചേർന്ന് പരൽമീനുകൾ തത്തിക്കളിക്കുന്ന, താറാവുകൾ നീന്തിതുടിക്കുന്ന, ആമ്പൽ പൂക്കൾ വിരിഞ്ഞുനിൽക്കുന്ന, ശുദ്ധജലവാഹിനിയായിരുന്നു കാപ്പിത്തോട്. ഞങ്ങൾ ഊണുകഴിഞ്ഞ് പാത്രം കഴുകുന്നത് ആ തെളിനീരിലായിരുന്നു. അവിടെ കെട്ടുവള്ളങ്ങളിൽ കയറ്റിറക്കുനടത്തി അതിൽ തന്നെ ആഹാരം പാചകം ചെയ്തു കഴിക്കുന്ന വള്ളക്കാർ അവിടെ ഉണ്ടായിരുന്നു. തോടിന്റെ ഇരുവശത്തും പടികൾ ഉള്ള കുളിക്കടവ്. തൊട്ട്മുകളിൽ ആവി പണിക്കരുചേട്ടന്റെ ചായക്കട. പുളിമരച്ചുവട്ടിൽ ആശാന്റെ തയ്യൽക്കട. അതിനോട് ചേർന്ന് ടീച്ചേഴ്സ് റൂം കപ്പലണ്ടി മിഠായിയും സ്ലേറ്റും പെൻസിലും വിൽക്കുന്ന പീടികകൾ. ഇതൊക്കെയായിരുന്നു പരിസരക്കാഴ്ചകൾ. സ്കൂളിനകത്ത് ഉപ്പ്മാവും പാലും തയ്യാറാക്കുന്ന ഓലമേഞ്ഞ ഊട്ടുപുര. വള്ളക്കാർ മീൻ വറുക്കുന്നതിന്റെയും കപ്പ പുഴുങ്ങുന്നതിന്റെയും പണിക്കരുചേട്ടൻ ഉപ്പ്മാവിന് കടുക് വറുക്കുന്നതിന്റേയും കൊതിയൂറുന്ന സുഗന്ധം. ഇതൊക്കെ ഇപ്പോഴും

സ്മരണയിൽ നിറഞ്ഞുനിൽക്കുന്നു.

വിസ്മയകരമാണ് ഈ വർണ്ണലോകം എന്ന് ഓരോ കുട്ടിക്കും തോന്നുമാറ് ചുവന്ന പൂക്കളുള്ള അനേകം വാകമരങ്ങൾ, അതിന്റെ ചുവട്ടിൽ നിരന്ന് വരി വരിയായി രാവിലെ അസംബ്ലിക്കുനിൽക്കുന്ന കുട്ടികൾ, മൊത്തത്തിൽ പഠിക്കാൻ ഉത്സാഹം തോന്നുന്ന അന്തരീക്ഷം. ഉത്തരവാദിത്വമുള്ള നല്ല ഒരുകൂട്ടം അദ്ധ്യാപകർ മനസ്സിന്റെ ചെപ്പിൽ എല്ലാം നിധിപോലെ സൂക്ഷിക്കുന്നു. ഇന്നത്തെ അവസ്ഥയറിഞ്ഞിട്ട് എല്ലാം മാഞ്ഞുപോയി ഓർമ്മകളിൽ മാത്രം അവശേഷിക്കുമോ? പുതിയ തലമുറയ്ക്ക് ഈ സംസ്കൃതി നഷ്ടമാകുമോ എന്ന് ഭയം തോന്നുന്നു. മനസ്സിനെ സ്വാധീനിച്ച പഴയ ഓർമ്മകൾ ഇതെല്ലാം ഇനി തിരികെ വരില്ലേ എന്ന ഉൾക്കിടിലത്തോടെ, അങ്ങിനെ സംഭവിക്കാതിരിക്കട്ടെ. കാപ്പിത്തോട് വീണ്ടും ശുദ്ധമാകട്ടെ എന്ന പ്രതീക്ഷയിൽ കത്ത് അവസാനിപ്പിക്കുന്നു. എല്ലാവർക്കും നന്മവരണേ എന്ന് പ്രാർത്ഥിക്കുന്നു.

---

## “അനിത്യമസുഖം ലോകം”

പ്രിയമുള്ളവരേ,

നാം ഒരുമിച്ച് കടലോരത്തും വനാന്തരങ്ങളിലും യാത്ര നടത്തി. ഒന്നിച്ച് ഭക്ഷണം കഴിച്ചു. മാനുഷികധ്യാനം നടത്തി. കഥകൾ പറഞ്ഞു. അതുകൊണ്ടുമാത്രം ജീവിതം പൂർണ്ണമാകുന്നില്ല. ദർശനം ഇപ്പോൾ കാണേണ്ടിവന്ന വേദനാജനകമായ ചില സംഭവങ്ങൾ കൂടി ഇവിടെ വിവരിക്കുന്നു.

**1.** ചെന്നിത്തല നൈനാൻ വർഗ്ഗീസ് ദർശനം വായനക്കാർക്ക് സുപരിചിതനാണ്. കുറുപ്പുസാർ ദർശനത്തിന്റെ പിന്തുടർച്ച ഏൽപ്പിച്ചത് വർഗ്ഗീസ് സാറിനെയാണ്. അദ്ദേഹം അത് ഇവിടെത്തന്നെ നിലനിർത്തുന്നു എന്നുമാത്രം. അച്ഛന്റെ പുസ്തകങ്ങളൊക്കെ സാറാണ് പ്രിന്റ് ചെയ്തത്. സ്വന്തമെന്നതുപോലെതന്നെ അദ്ദേഹം അത് നിർവ്വഹിച്ചു. പ്രസ്സിന്റെ ചുമതലകളെല്ലാം മകനെ ഏൽപ്പിച്ച് വിശ്രമിക്കാനിരിക്കെ ഹൃദയാഘാതത്താൽ മകൻ ബോബി (41) അന്തരിച്ചു. മനുഷ്യൻ ഒന്നിച്ഛിക്കുന്നു എന്നാൽ ദൈവം മറ്റൊന്ന് നടത്തുന്നു. നാലു നാൾ കഴിഞ്ഞ് ലതയുമായി ഹരിപ്പാട്ടുചെന്ന് അവിടെ കാത്തുനിന്നിരുന്ന ഗോവിന്ദനുമായി സാംജോസിന്റെ കാറിൽ ചെന്നിത്തലയ്ക്ക് പുറപ്പെട്ടു. സാറിനെ കണ്ട് മകന്റെ വിവരങ്ങൾ കേട്ടിരുന്നു. ഹൃദയ

വാൽവിന്റെ തകരാറായിരുന്നു മരണകാരണം. മകനെക്കുറിച്ചുള്ള വിവരങ്ങൾ നൽകിയിട്ട് പെട്ടെന്നുതന്നെ സംസാരം സാറിന്റെ ആദർശപുരുഷനായ കുറുപ്പുസാറിലെത്തി. ഇങ്ങനെ ഒരാളോടൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞത് തന്റെ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടമായി അദ്ദേഹം അനുസ്മരിച്ചു. തന്റെ കുടുംബജീവിത ദുഃഖങ്ങൾക്കിടയിലും ആ ബന്ധം അദ്ദേഹത്തിന് ആത്മവിശ്വാസം പകരുന്നു. ദർശനം കലണ്ടറും മരണത്തെപ്പറ്റി ദർശനത്തിൽവന്ന ലേഖനവും (ഖനി) അദ്ദേഹത്തിന് സമർപ്പിച്ചിട്ട് കുടുംബാംഗങ്ങളുടെ മനശാന്തിക്കായി പ്രാർത്ഥിച്ച് ഞങ്ങൾ പടിയിറങ്ങി.

വരുന്നവഴി, അന്തരിച്ച അച്ഛന്റെ മിത്രം കുട്ടൻവൈദ്യരുടെ വീട്ടിൽ കയറി. ഹരിപ്പാട്ടു നടന്നുപോരുന്ന എല്ലാ സാംസ്കാരിക പ്രവർത്തനങ്ങളുടെയും ചുക്കാൻപിടിച്ചിരുന്നത് കുട്ടൻ വൈദ്യരാണ്. സുഹൃത്തുക്കൾ അദ്ദേഹത്തിന്റെ പേരിൽ ഒരു ആത്മീയ പഠനകേന്ദ്രം രജിസ്റ്റർ ചെയ്ത് ലൈബ്രറിയും നടത്തിവരുന്നു. കുട്ടൻവൈദ്യരുടെ സഹധർമ്മിണിയായ ശാന്ത നൽകിയ ജാപ്പിയും കുടിച്ച് ദർശനവും നൽകി ഞങ്ങൾ നേരെ ഹരിപ്പാട്ടെത്തി സുഷമച്ചേച്ചിയെ കണ്ടു. മുരളീധര മേനോൻസാറിന്റെ സഹധർമ്മിണി, ഇപ്പോൾ സാറിന്റെ സഹോദരപുത്രി രമട്ടീച്ചറോടൊപ്പം താമസിക്കുന്നു. സന്ധ്യാവന്ദനം ചെയ്യുകയായിരുന്നു. ഞങ്ങളെ കണ്ട് വിശേഷങ്ങളൊക്കെ ചോദിച്ചു. ഈ മാസത്തെ ദർശനം കിട്ടിയില്ലല്ലോ എന്നു പറഞ്ഞു. ഇത്തിരികൂടി താമസം ഉണ്ടെന്നറിയിച്ചു. ചേച്ചിയുടെ ആരോഗ്യവിവരങ്ങൾ ചോദിച്ചറിഞ്ഞു. പാർക്കിൻസൺസ് രോഗമുണ്ട്. വളരെ സാവധാനമേ നടക്കാനാവൂ. എനിക്കും ഇപ്പോൾ ഈ രോഗമുണ്ടോ എന്നു സംശയം. വളരെ സാവധാനമാണ് പത്രമിറങ്ങുന്നത്. ശ്രീ.മുരളീധര മേനോൻസാറിന്റെ സ്മരണകൾ പുതുക്കിക്കൊണ്ട് ഞങ്ങൾ അവിടെനിന്നും യാത്രപറഞ്ഞു.

**2.** ഞങ്ങൾ രണ്ടുപേരും ഹോമിയോപ്പതി പഠിച്ചിട്ടുണ്ട്. എന്നാൽ കയ്യിലിരുപ്പുകൊണ്ട് ഗവൺമെന്റ് ജോലിക്ക് തലവര ഇല്ലായിരുന്നു. താങ്ക്യു ഫോർ എവരിതിംഗ്. ഈയിടെ ലതയ്ക്ക് പുറക്കാട് ഗവൺമെന്റ് ആശുപത്രിയിലെ ഡോക്ടറുടെ അവധിയിൽ താൽക്കാലിക ജോലിക്കുപോകുവാൻ അവസരം ഉണ്ടായി. ആര്യാട് സ്വദേശി ബാബുവാണ് ഫാർമസിസ്റ്റ്. എപ്പോഴും പുഞ്ചിരിക്കുന്ന മുഖം. സേവനതൽപ്പരൻ. അതിനാൽ നാട്ടുകാർക്കും സഹപ്രവർത്തകർക്കും പ്രിയങ്കരൻ. ജനുവരി 10-ാം തീയതി ജോലികഴിഞ്ഞ് ലത വീട്ടിലേക്ക് ബസിലും

ബാബു ബൈക്കിലും പോന്നു. ലത വീട്ടിലെത്തിയപ്പോൾ മെഡിക്കൽ ഓഫീസറുടെ ഒരു ഫോൺ ബാബുവിന് ഒരു ബൈക്കപകടം ഉണ്ടായി. മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയിട്ടുണ്ട്. ഉടൻതന്നെ ഞാൻ ആശുപത്രിയിലെത്തി. അമ്പരപ്പിക്കുന്ന കാഴ്ചയാണ് അവിടെ കാണാനിടയായത്. ബാബു മരിച്ചുകിടക്കുന്നു. ഓടിയെത്തിയ ബന്ധുക്കളുടെയും നാട്ടുകാരുടെയും കരച്ചിൽ. ബാബു ശ്രദ്ധിച്ച് വണ്ടി യോടിക്കുന്ന ആളാണ്. ഹെൽമെറ്റും വച്ചിരുന്നു. എന്നാൽ എതിരെ കോഴിക്കോടുനിന്നും തിരുവനന്തപുരത്തേക്കു വന്ന കാറിലെ ഡ്രൈവർ ഉറങ്ങിപ്പോയി. ബാബുവിന്റെ ജീവിതം അര നിമിഷംകൊണ്ട് അവസാനിച്ചു. കുടുംബം കണ്ണീരിൽ മുങ്ങി. മൃത്യുദേവൻ മനുഷ്യ രിൽ കൈവയ്ക്കുന്നത് നമ്മുടെ ഇഷ്ടംനോക്കിയല്ല. പക്ഷേ, സ്വന്തം ദേഹം പൊള്ളുംവരെ ഈ മഹാസത്യം പലരും അറിയുകയില്ല. എല്ലാവരും സ്വന്തമാണെന്ന ധാരണയുമില്ല.

**3.** ദർശനത്തിന് വളരെ വേണ്ടപ്പെട്ട വൈശ്യംഭാഗത്ത് പെരുമ്പ ള്ളിവീട്ടിൽ ഉഷ (ഡോ.ദീപ്തി-49) അന്തരിച്ചു. അർബുദമായിരുന്നു. ചികിത്സകൊണ്ട് രോഗം മാറിയതായി ധരിച്ചിരുന്നുവെങ്കിലും പെട്ടെന്ന് രോഗം മൂർച്ഛിച്ചു. എസ്.ഡി.കോളേജിലെ അദ്ധ്യാപികയായിരുന്നു. ഈയിടെ പി.എച്ച്.ഡിയും കിട്ടി. കുട്ടിക്കാലം മുതലേ ഉഷയ്ക്ക് മരുന്ന് കൊടുത്തിട്ടുണ്ട്, കുട്ടികൾക്കും. വൈശ്യംഭാഗത്തുപോയി കുടുംബാം ഗങ്ങളെ കണ്ടു. ഉഷയുടെ ഭർത്താവ് പ്രൊഫ.നാരായണപിള്ള. മക്കൾ ബാലുവും പാർവ്വതിയും, അമ്മ രാധമ്മ. "എന്റെ അമ്മ പോയിമാമാ" എന്നു പറഞ്ഞുകൊണ്ട് പാർവ്വതി കരഞ്ഞപ്പോൾ നിറകണ്ണുകളോടെ ഒന്നും മിണ്ടാനാകാതെ അടുത്തിരുന്നു. പോരാൻ നേരം മോളുടെ അമ്മയുടെ നശ്വരമായ ദേഹം മാത്രമാണ് പോയത്. സത്യമായ ആത്മാവ് മരിക്കുകയില്ല. അമ്മയുടെ അനുഗ്രഹം എന്നും നിങ്ങളോടൊപ്പം ഉണ്ടാകുമെന്ന് ചെവിയിൽ മന്ത്രിച്ചു.

**4.** ദേഹവിയോഗങ്ങൾ വളരെ വേദനാജനകമാണ്. എന്നാൽ അതിലും കഠിനമാണ് ജീവിതയാത്രയിലെ ചില പ്രതിസന്ധികളിൽ നാം അനുഭവിക്കേണ്ടിവരുന്നത്. എന്തെന്ത് പ്രതീക്ഷയിലാണ് മനുഷ്യൻ അവന്റെ സ്വപ്നങ്ങൾ നെയ്യുന്നത്. ചിലപ്പോൾ ആ സ്വപ്നങ്ങൾ അവന് ദുരന്തങ്ങളായി മാറുന്നു. ഈയിടെ വനയാത്രയിൽ ഗംഗയെക്കുറിച്ച് പാടിയ നമ്മുടെ ശിവന്റെ പുത്രൻ വിവാഹിതനായി. വിദ്യാസമ്പന്നരും നല്ല ജോലിയുമുള്ള വധൂവരൻമാർക്ക് നല്ല സാമ്പത്തിക പശ്ചാത്തല വുമുണ്ട്. പൊതു ദൃഷ്ടിയിൽ നല്ല പൊരുത്തം. ജോത്സ്യന്റെ ദൃഷ്ടി

യിലും ഉത്തമം. എന്നാൽ സാംസ്കാരികതലം എവറസ്റ്റും പസഫി ക്കിന്റെ അടിത്തട്ടുംപോലെ വ്യത്യസ്തം. വരന്റെ ആദർശപുരുഷൻ സ്വാമി വിവേകാനന്ദൻ. ഭാരതീയ സംസ്കൃതിയിൽ അഭിമാനിച്ച് മാതൃ ദേവോഭവഃ പിതൃദേവോഭവഃ എന്നു കരുതി ജീവിക്കുമ്പോൾ വധു ഹിരണ്യായ നമഃ എന്നു ജപിക്കും. ഹിരണ്യം എന്നാൽ സ്വർണ്ണം. തീർന്നില്ല, എന്തെങ്കിലും ചെറിയ വീട്ടുപ്രശ്നങ്ങൾ ഉണ്ടായാൽ വധു വയലന്റാകുന്ന പ്രകൃതക്കാരി. പാവം പയ്യന് ഇടിയും കൊള്ളേണ്ടി വന്നു. 'സൂര്യകിരീടം വീണുടഞ്ഞു......' വധുവിന്റെ ദൃഷ്ടിയിൽ ഈ നൂറ്റാണ്ടിൽ ജീവിക്കാൻ കൊള്ളാത്ത വരനാണ് കുറ്റക്കാരൻ. വിവാ ഹത്തിന്റെ ആദ്യനാളുകളിൽത്തന്നെ വേർപിരിയുന്നു. പിന്നെ കേസും കോടതിയുമായി. വിവാഹത്തിന് ഒരു രൂപയും വാങ്ങാത്ത സാധുവായ മിത്രവും കുടുംബവും സ്ത്രീധനക്കേസിലും സ്ത്രീപീഢനത്തിലും പ്രതിയാകുന്നു. സ്ത്രീ-പുരുഷന്മാരെ സമഭാവനയോടെ ഒരു പക്ഷി യുടെ ഇരു ചിറകുകൾപോലെ കാണാൻ കഴിയാത്ത സമൂഹ ത്തിൽനിന്നും നിയമങ്ങളിൽ നിന്നും സത്യം ചോർന്നുപോകുന്നു. നിയമം അതിന്റെ വഴിയെ സഞ്ചരിച്ച് സത്യത്തിൽ എത്തുവാൻ ബുദ്ധി മുട്ടും. കാലതാമസവും ഉണ്ടാകുന്നു. അതിനിടയിൽകിടന്ന് പാവം സാധു മനുഷ്യർ ഞെരിഞ്ഞമരുന്നു. ദർശനം എല്ലാവർക്കും ശാന്തിയുടെയും സമാധാനത്തിന്റെയും മാർഗ്ഗത്തിലൂടെ മുന്നോട്ടുപോകാൻ കഴിയേണമേ എന്ന് പ്രാർത്ഥിക്കുന്നു.

എന്റെ മിത്രത്തിന് കുടുംബസ്വസ്ഥത തകർക്കപ്പെട്ട ഈ വിവാ ഹബന്ധത്തിന് കാരണമെന്ത്. നമ്മൾ ഒരു തെറ്റും ചെയ്യാതെ ജീവിത യാത്രയിൽ ഇത്തരം കെണികളിൽ വന്ന് വീഴുന്നത് എന്തുകൊ ണ്ടാണ്. ഫാർമസിസ്റ്റ് ബാബുവിന്റെ മരണത്തിനടയാക്കിയ ഡ്രൈവർക്ക് ഉറക്കംവരുന്നെങ്കിൽ വണ്ടി നിർത്തിയിട്ട് കിടന്നുറങ്ങാമായിരുന്നു. ശാന്തമായി കഴിയുന്ന പ്രായമെത്താത്ത ഇവരെ എന്തിന് മൃത്യുദേ വൻ ബലമായി പിടിച്ചുകൊണ്ടുപോകുന്നു. ബാലിശമാണീ ചോദ്യം. എന്തെന്നാൽ എപ്പോഴാണ് അദ്ദേഹത്തിന്റെ ദൃഷ്ടി നമ്മിൽ പതിയുന്ന തെന്ന് നമുക്കറിയില്ലല്ലോ. അതോടെ ചോദ്യവും തീരും. ജീവിതാനുഭ വങ്ങളിലൂടെ പ്രകൃതി നമ്മെ പലതും പഠിപ്പിക്കുകയാണ്. വിധി എന്നു പറഞ്ഞ് ഒഴിയാതെ നമുക്ക് സമാധാനമായിരുന്ന് ചിന്തിക്കാം. ഈ ലോക ജീവിതത്തെ ഒരു സാക്ഷിയായി കണ്ട് വിലയിരുത്തണം. ഈ ലോകം യാദൃശ്ചികമായി ഉണ്ടായതല്ല. എല്ലാം വ്യവസ്ഥാപിതമായാണ് ഇവിടെ നടക്കുന്നത്. കർമ്മങ്ങൾക്കനുസരിച്ചാണ് ഫലങ്ങൾ. നമ്മുടെ അല്പ ബുദ്ധിക്ക് ഈ പ്രപഞ്ചനിയമങ്ങളെ അറിയുവാനോ വിലയിരുത്തു

വാനോ സാദ്ധ്യമല്ല. എല്ലാവരുടേയും ജീവിതത്തിൽ ദുഃഖങ്ങളുണ്ടാകും. മാളികമുകളേറിയ മന്നനും ഇത് ബാധകമാണ്. ഈ ലോകത്ത് എപ്പോഴും സന്തോഷമായിരിക്കുന്ന ആരെങ്കിലുമുണ്ടോ? നാം ഓരോ വസ്തുവിലും സുഖം പ്രതീക്ഷിച്ച് അവിടെയൊക്കെ ചെന്ന് ചാടുന്നു. ചില തേനീച്ചകളുണ്ട് അവയുടെ ഇണയെത്തേടി പറന്നു നടന്ന് അതേ രൂപത്തിലുള്ള പൂക്കളിൽ ചെന്നിരിക്കും. അത് തന്റെ ഇണയല്ല എന്നു തിരിച്ചറിഞ്ഞ് പറന്നകലുമ്പോൾ കാലിൽ പൂമ്പൊടി കാണും. ഇണയുടെ അതേ രൂപത്തിൽ പൂക്കൾ ഉള്ളതിനാൽ വീണ്ടും ഇത് സംഭവിക്കും. അതിലൂടെ പ്രകൃതി അതിന്റെ അത്ഭുതകരമായ പരാഗണകല തുടരുന്നു. ജീവിതദുഃഖങ്ങൾ സ്വാഭാവികമാണ്. നാം അവിടെ നമ്മുടെ അശുഭചിന്തകളും കൂട്ടിച്ചേർത്ത് വ്രണം വലുതാക്കരുത്. അനുഭവങ്ങൾ പാഠങ്ങളാക്കുക. അതിലൂടെ വളരുക. സൽക്കർമ്മങ്ങൾ ചെയ്യുക. കാർമേഘങ്ങൾ അന്തരീക്ഷത്തിൽ സ്ഥിരമായി നിൽക്കുകയില്ല, കാറ്റടിച്ച് മാറും. നാം ആരും ഇവിടെ സ്ഥിരതാമസത്തിനു വന്നതല്ല. ഉള്ളകാലം എല്ലാം കണ്ട് പഠിക്കുക. അഗ്നിക്ക് ചൂടാണെന്നും മഞ്ഞുകട്ട തണുപ്പുള്ളതാണെന്നും തിരിച്ചറിയണം. ഉദിച്ചാൽ അസ്തമിക്കുമെന്നും അസ്തമിക്കുന്നത് ഉദിക്കാനാണെന്നും തിരിച്ചറിയണം. മർത്യനെന്നാൽ മരണശീലമുള്ളവൻ. ജീവിതമാകുന്ന പൂന്തോട്ടത്തിൽ വിരിയുന്ന പൂക്കൾ സുഗന്ധം പരത്തിയിട്ട് വാടിക്കരിഞ്ഞു പോകും. അതറിഞ്ഞുകൊണ്ടുവേണം ചെടികൾ നനയ്ക്കുവാൻ. പിറന്നാൽ ആഘോഷങ്ങൾ വളരെ നല്ലതുതന്നെ. പക്ഷേ, ഓരോ പിറന്നാളും കഴിയുമ്പോൾ നാം അത്രയും മരണത്തോടാണടുക്കുന്നത്. നമ്മുടെ സങ്കൽപങ്ങളിൽ ചിലതൊക്കെ പൂവണിയും. എത്ര ശ്രമിച്ചാലും പലതും വാടിക്കരിയും. അപ്പോൾ പൊട്ടിക്കരയാതിരിക്കണമെങ്കിൽ അനിത്യം അസുഖം ലോകം എന്ന സത്യം നാം മനസ്സിലാക്കണം.

മനുഷ്യന് കർമ്മം ചെയ്യാൻ മാത്രമേ കഴിയൂ. ഫലം അവന്റെ കൈകളിലല്ല. എന്നു കരുതി കർമ്മം ചെയ്യാതെയുമിരിക്കരുത്. വിത്തിൽനിന്ന് വൃക്ഷവും, വൃക്ഷത്തിൽ ഫലവുമുണ്ടാകുന്നു. പൂർവ്വകർമ്മങ്ങളിൽനിന്ന് വർത്തമാനവും, വർത്തമാനകാലകർമ്മങ്ങളിൽനിന്ന് ഭാവിയും രൂപപ്പെടുന്നു. ചിന്തകളിൽനിന്ന് കർമ്മവും കർമ്മത്തിനനുസരിച്ച് ഫലവുമുണ്ടാകുന്നു. അതിനാൽ ആദ്യം ചിന്തകൾ പരിശുദ്ധമാകണം. കിളികൾ മരക്കൊമ്പുകളിൽ മുട്ടിയുരുമ്മിയിരുന്ന് കുശലം പറയുന്നു, തീറ്റയും കൊത്തിത്തിന്ന് അവിടെത്തന്നെ ഉറങ്ങുന്നു. എന്നാൽ അതിനറിയാം ചിലപ്പോൾ കാറ്റുവന്ന് ഇരിക്കുന്ന

കമ്പ് ഒടിഞ്ഞുപോകാം. ഒടിഞ്ഞാൽ അവ വീഴുകയില്ല, പറന്നുയരുന്നു. മനുഷ്യൻ ഈ ജീവജാലങ്ങളിലും ശ്രേഷ്ടനാണെന്ന് അഭിമാനിക്കുന്നു. പക്ഷേ, ജഗദീശ്വരന്റെ ഈ സൃഷ്ടികണ്ട് ഒന്നും പഠിക്കുന്നില്ല. കണ്ട് പഠിച്ചില്ലെങ്കിൽ കൊണ്ടുപഠിക്കേണ്ടിവരും. എങ്കിലും ഒന്നും ഭയപ്പെടാനില്ല. ഒരു ശിൽപ്പി തന്റെ ശിലയിൽ കൊത്തുന്നത് സുന്ദരമായ ഒരു ശിൽപ്പം ശിലയിൽനിന്നും രൂപപ്പെടുത്താവാനാണ്. ഈ പ്രപഞ്ചശിൽപ്പി നമ്മുടെ മനസ്സിനെ ബാധിച്ചിരിക്കുന്ന അഹങ്കാരവും അസൂയയുമൊക്കെ അതിനുപറ്റിയ അനുഭവങ്ങൾതന്ന് കൊത്തിക്കളഞ്ഞ് നമ്മെ സുന്ദരനാക്കുന്നു. ഈ ലോകത്തെ സുന്ദരമാക്കുന്നതും വികൃതമാക്കുന്നതും നമ്മുടെ മനസ്സാണ്. ആ മനസ്സിനെ സുന്ദരമാക്കിയാൽ ലോകവും സുന്ദരമാകും. കഴിവതും പരോപകാരപ്രദമായി ജീവിക്കുക. അനുഭവങ്ങൾ തളരാനുള്ളതല്ല. അതുപയോഗിച്ച് വളരുവാനുള്ളതാണ്. ചിലപ്പോൾ ഗൗരവതരമായ ഒരു പ്രതിസന്ധിയെ തരണം ചെയ്യാൻ നമുക്ക് കഴിയാതെവരും. അപ്പോൾ ഭയപ്പെടരുത്. നാം ഒറ്റയ്ക്കല്ല ഈ പ്രപഞ്ചശിൽപ്പി നമ്മോടൊപ്പം ഉണ്ടെന്നുള്ള ബോദ്ധ്യം ശ്വാസോച്ഛ്വാസം പോലെ ഉണ്ടാകണം. എല്ലാ അനുഭവങ്ങളേയും സന്തോഷപൂർവ്വം സ്വാഗതം ചെയ്യുക. ഇതൊക്കെയാണ് നമ്മുടെ സത്യാന്വേഷണ പരീക്ഷണങ്ങൾ. മനസ്സ് ശുഭചിന്തകൾകൊണ്ട് നിറച്ച് ശിരസ് സർവ്വേശ്വരന്റെ മുന്നിൽ ഒന്ന് കുനിയട്ടെ. അതുകൊണ്ട് നമ്മുടെ അഹങ്കാരം കുറച്ച് കുറയുമെന്നല്ലാതെ മറ്റ് നഷ്ടമൊന്നും സംഭവിക്കാനില്ല. അഹങ്കാരം പോയാൽ അനിത്യം അസുഖം ലോകം എന്ന സ്ഥിതിമാറി വിശ്വമൈത്രീഭാവന വിടരുന്നു. പിന്നെ ആത്മാനന്ദത്തിന്റെ അമൃതപൂരം. ജയ് ജഗത്.

## പൊതുവിവരങ്ങൾ

**1. പ്രതിമാസയോഗം**

എല്ലാ മാസവും ആദ്യ ഞായറാഴ്ച 5 മുതൽ 7 വരെ നീർക്കുന്നം ധന്യയിലാണ് പ്രതിമാസ യോഗം നടക്കുന്നത്. ഈ ഞായറാഴ്ച ഇവിടെ കൂടിയിട്ട് കടപ്പുറത്തേക്ക് നടന്ന് സൂര്യാസ്തമയവും കണ്ടിരുന്ന് ദർശനത്തിന്റെ പ്രൂഫ് സതീഷ് ചന്ദ്രൻ വായിച്ചു. അഷ്റഫും, ഷാജിയും, ചന്ദ്രൻസാറും, ലതയും വേണ്ട തിരുത്തലുകൾ വരുത്തി. യാത്രകളുടെ കമന്ററിയാണ് ഇതിലെ ഉള്ളടക്കം. എന്നാൽ ഇത് കടഞ്ഞാൽ കിട്ടുന്നത് പരസ്പരാനന്ദം തന്നെയാണ്. പേജുകളും ഏതാണ്ട് രണ്ട് ദർശനത്തോളം വരും. എന്നിട്ടും സരളച്ചേച്ചി, ജോർജ്ജ് മൂലേച്ചാലിൽ,

വിജയകുമാർ ജയ്പ്പൂർ എന്നിവരുടെ ലേഖനങ്ങൾ ചേർക്കാനായില്ല. എല്ലാ മാസവും പത്രം ഇറക്കുന്നില്ലല്ലോ. ചർച്ചകൾക്കിടയിൽ സതീഷ്ചന്ദ്രന്റെ മകൻ ശംഭു കടപ്പുറത്ത് തുള്ളിച്ചാടി നടന്നു. സൂര്യാസ്തമനത്തിനായിരുന്നോ സന്ധ്യയ്ക്ക് പാലാഴി തീർത്ത ചന്ദ്രികയ്ക്കായിരുന്നോ കൂടുതൽ സൗന്ദര്യം എന്ന് ആർക്കും പറയാനായില്ല. എന്നാൽപ്പിന്നെ പ്രതിമാസയോഗം ഇവിടെത്തന്നെ കൂടാം എന്ന് തീരുമാനിച്ചു. നല്ല കാറ്റും നിലാവും കടലും ചേർന്ന അന്തരീക്ഷത്തിൽ മാനുഷികധ്യാനം കഴിഞ്ഞ് 8 മണിയോടെ ഞങ്ങൾ തിരിച്ചുപോന്നു. അടുത്തയോഗം മാർച്ച് 2 ഞായറാഴ്ച. അന്ന് ഒരവധിക്കാല ക്യാമ്പിനെക്കുറിച്ച് ആലോചിക്കാം.

2. 500 കലണ്ടർ അടിച്ചത് കയ്യെത്തും ദൂരത്തുള്ള ദർശനം കുടുബാംഗങ്ങൾക്കും യോഗങ്ങളിൽ കണ്ടുമുട്ടിയവർക്കുമായി വിതരണം ചെയ്തു. (ചെലവ് 5000 രൂപ) പുസ്തകങ്ങൾ ധാരാളം ഇവിടെ ഇരിപ്പുണ്ട്. ജനുവരി 14ന് ഒരു യോഗം ചേരേണ്ടതായിരുന്നു. അന്ന് നബിദിനം, മകര സംക്രമം, കുറുപ്പ് സാറിന്റെ ജന്മദിനം, ഇവ മൂന്നും ചേരുന്നതിന്റെ പ്രാധാന്യം തിരിച്ചറിയാതെ പോയി. എങ്കിലും നാടിന്റെ ഏതെങ്കിലും ഒരു മൂലയിൽ ഈ ദീപം ഇടയ്ക്ക് തെളിയാറുണ്ട്. പുന്നപ്ര അയൽക്കൂട്ടങ്ങളുടെ മുഖ്യ സംഘാടകൻ കമാൽ മാക്കിയിൽ നടത്തിയ വാർഷിക യോഗങ്ങളിലെല്ലാം കുറുപ്പ് സാറിന്റെ സന്ദേശം പകർന്ന് നൽകിയിട്ടുണ്ട്. യോഗത്തിന് വന്ന അതിഥികൾക്ക് പൂച്ചെണ്ടല്ല കുറുപ്പ് സാറിന്റെ **ഭാവിയിലേക്ക്** എന്ന പുസ്തകം നൽകിയായിരുന്നു. സ്വീകരണ ചടങ്ങ്. പ്രവർത്തകർക്കെല്ലാം ദർശനത്തിന്റെ പ്രണാമം.

3. ആലപ്പുഴയിൽ ചേരമാൻകുളങ്ങര, മന്നം - കേസരി പുരുഷ സ്വാശ്രയ സംഘം നടത്തിയ വാർഷിക പരിപാടിയിൽ ദർശനത്തിന്റെ സന്ദേശം നൽകുവാൻ അവസരം ഉണ്ടായി. വിശ്വമൈത്രീ ഭാവനയുടെ കോപ്പികൾ സദസ്സിൽ വിതരണം ചെയ്തു. ഡോക്ടർ റ്റി.ഡി. ഉണ്ണികൃഷ്ണൻ കർത്തായുടെ ആരോഗ്യ സംരക്ഷണത്തെ കുറിച്ചുള്ള ക്ലാസ് ഉണ്ടായിരുന്നു. സംഘടനയുടെ പ്രസിഡന്റ് ശാന്തകുമാരൻ നായർ (കാനറാബാങ്ക് മാനേജർ) കുറുപ്പ് സാറിന്റെ ശിഷ്യനാണ്. അദ്ദേഹത്തിന്റെ പ്രസംഗം തന്നെ ഗുരുവിനുള്ള അർച്ചനാ പുഷ്പങ്ങളായിരുന്നു. പുത്രനെയും വെറുതെ വിട്ടില്ല. ദർശനത്തിന്റെ ചെലവുകൾക്കായി 1000 രൂപയും സമ്മാനമായി നൽകി.

സത്യം
അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

**മടിശ്ശീല**

സുമാദേവി എച്ച്.എം.പുന്നപ്ര യു.പി.സ്കൂൾ-200, കെ.ഐ. ജോസഫ്, എടത്വ-100, ഗോപാലകൃഷ്ണപണിക്കർ, വെളിഞ്ഞൂത്ര-200, കമാൽ മാക്കിയിൽ-1000, അനിൽ കുമാർ, കൈതക്കുളം-100, റാണി ദിനേശ്, ലീല ജൂവലറി-500, ശിവൻ അയോധ്യ-500, ഡോ. വേണുഗോപാൽ, നീർക്കുന്നം-500, ഗോവിന്ദൻ എടത്വ-200, ഷാജി ആലപ്പുഴ-200, ഡോ. ഗോപാലകൃഷ്ണൻ, വണ്ടാനം-500, രാമചന്ദ്രക്കുറുപ്പ് കഞ്ഞിപ്പാടം-250, വി.വി.രാധാകൃഷ്ണൻ, അമ്പലപ്പുഴ-100. എല്ലാവർക്കും പ്രണാമം.

ഒരു വർഷത്തിനിടയിൽ ദർശനവുമായി ഒന്നും മിണ്ടിയിട്ടില്ലാത്തവർ പത്രം തുടരേണമെങ്കിൽ അറിയിക്കുക.

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306